05
ഒക്ടോബർ
ഞായർ 2025
1201 കന്നി 19
Vol 08 Issue No 02

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

`7.50
പേജ് 06
www.keralapranamam.com
infokeralaprana-

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

## സ്വർണം ഓടിപ്പോവുകയോ പറന്നുപോവുകയോ ചെയ്യില്ല; ഇപ്പോൾ എടുത്തയാളും കൊടുത്തയാളുമില്ല, അന്വേഷണംവേണം- വെള്ളാപ്പള്ളി



**ആലപ്പുഴ:** ഒരുകൂട്ടം ആളുകൾ ചേർന്ന് നടത്തിയ സ്വർണക്കൊള്ളയാണ് ശബരിമലയിൽ നടന്നതെന്ന് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. അയ്യപ്പന് ഭക്തൻ കൊടുക്കുന്ന സമ്പത്ത് ആരും മോഷ്ടിച്ചുകൊണ്ടുപോകാൻ പാടില്ല. ശബരിമലയും തിരുവിതാംകൂർ ദേവസ്വം ബോർഡും അതിനകത്ത് മോഷണവും ചൂഷണവും ഇന്ന് തുടങ്ങിയതല്ല. ഒരുപാട് കൊല്ലങ്ങളായി. ഇപ്പോഴാണ് കണ്ടുപിടിച്ചത് എന്നേയുള്ളൂ. സ്വർണപ്പാളിയായതുകൊണ്ടാണ് കണ്ടുപിടിച്ചതെന്നും വെള്ളാപ്പള്ളി മാധ്യമങ്ങളോടു പറഞ്ഞു. വ്യവസായിയായ വിജയ് മല്യ കൊടുത്ത മുപ്പതുകിലോയോളം സ്വർണം അവിടെയില്ലാ എന്ന് പറഞ്ഞാൽ, മുപ്പതുകിലോ സ്വർണം എന്നു പറഞ്ഞാൽ എത്ര കോടിയാണ്. അത് ഓടിപ്പോവുകയോ പറന്നുപോവുകയോ ചെയ്യുന്ന സാധനമല്ല. ആ സാധനം ഇപ്പോൾ കൊണ്ടുപോയവനില്ല. എടുത്തവനില്ല. കൊടുത്തവനില്ല. മേടിച്ചവനില്ല. എന്തൊരു അഴിമതിയാണ്. സ്വർണപ്പാളി നഷ്ടപ്പെട്ടതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചെമ്പ് കൊണ്ടുപോയി എന്ന് പറയുന്നു. മഹസ്സറിലും പറയുന്നു ചെമ്പാണെന്ന്. അതിന് മുകളിലിരുന്ന സ്വർണം എവിടെയെന്നും വെള്ളാപ്പള്ളി ആരാഞ്ഞു. മല്യ കൊടുത്ത കാലത്ത് ആ സ്വർണം പാളികളാക്കി പൊതിഞ്ഞിരുന്നത് അല്ലേ. ആ പാളി എടുത്തിട്ട് അതിന്റെ താഴെയുള്ള ചെമ്പ് മാത്രം കൊടുത്തയച്ചു എന്ന് ആരെങ്കിലും പറഞ്ഞാൽ എങ്ങനെ അതിനെ നിഷേധിക്കാൻ സാധിക്കുമെന്നും അദ്ദേഹം ചോദിച്ചു. ആഗോള അയ്യപ്പസംഗമം നടത്തിയതോടുകൂടി ആഗോളതലത്തിലെ വലിയൊരു കള്ളത്തരം കണ്ടുപിടിക്കാൻ സാധിച്ചത് തന്നെ നല്ലൊരു സംഭവവും ഐശ്വര്യവുമല്ലേ എന്നും വെള്ളാപ്പള്ളി ആരാഞ്ഞു. സർക്കാരിനെക്കാൾ ഉത്തരവാദിത്വം ദേവസ്വം ബോർഡ് പ്രസിഡന്റിനും അംഗങ്ങൾക്കുമാണ്. ആരുടെ കാലത്ത് എപ്പോൾ ചെയ്തുവെന്ന് അന്വേഷിച്ച് അതിന്റെ സത്യം പുറത്തുകൊണ്ടുവരട്ടേയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കോൾഡ്രിഫ് സിറപ്പിന്റെ വിൽപന കേരളത്തിൽ നിർത്തിവച്ചു, ശക്തമായ പരിശോധനയുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്



**തിരുവനന്തപുരം:** കേരളത്തിൽ കോൾഡ്രിഫ് (Coldrif) സിറപ്പിന്റെ വിൽപന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർത്തിവെപ്പിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. കോൾഡ്രിഫ് സിറപ്പിന്റെ എസ്.ആർ. 13 ബാച്ചിൽ പ്രശ്നം കണ്ടെത്തിയെന്ന് കേരളത്തിന് പുറത്ത് നിന്നുള്ള റിപ്പോർട്ടുകളെ തുടർന്നാണ് നടപടി ഈ ബാച്ച് മരുന്നിന്റെ വിൽപ്പന കേരളത്തിൽ നടത്തിയിട്ടില്ല എന്നാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ നിന്നും മനസിലാക്കിയത്. എങ്കിലും സുരക്ഷയെ കരുതിയാണ് കോൾഡ്രിഫ് മരുന്നിന്റെ വിതരണവും വിൽപ്പനയും പൂർണമായും നിർത്തിവയ്ക്കാൻ ഡ്രഗ്സ് കൺട്രോളർ ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് നിർദേശം നൽകിയതെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ 8 വിതരണക്കാർ വഴിയാണ് ഈ മരുന്നിന്റെ വിൽപ്പന നടത്തുന്നത്. ഈ കേന്ദ്രങ്ങളിലെല്ലാം തന്നെ വിതരണവും വിൽപനയും നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ സ്റ്റോറുകൾ വഴിയുള്ള കോൾഡ്രിഫ് സിറപ്പിന്റെ വിൽപ്പനയും നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ പരിശോധനകൾ നടന്നു വരുന്നുണ്ടെന്നും ആരോഗ്യമന്ത്രി പറഞ്ഞു. കോൾഡ്രിഫ് സിറപ്പിന്റെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റ് ചുമ മരുന്നുകളുടേയും (സിറപ്പ്) സാമ്പിളുകൾ ശേഖരിച്ച് വരുന്നു. കേരളത്തിൽ ചുമ മരുന്നുകൾ നിർമ്മിക്കുന്ന 5 കമ്പനികളുടെ മരുന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്താനും ആരോഗ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻട്രൽ ഡി.ജി.എച്ച്.സിന്റെ നിർദ്ദേശപ്രകാരം 2 വയസിന് താഴെയുള്ള കുട്ടികൾക്ക് ഡോക്ടർമാർ ചുമയ്ക്കുള്ള സിറപ്പ് പ്രിസ്ക്രൈബ് ചെയ്യരുത്. അഥവാ അത്തരത്തിൽ മരുന്ന് കുറിപ്പടി വന്നാലും ചുമയ്ക്കുള്ള സിറപ്പ് നൽകരുതെന്ന് എല്ലാ മെഡിക്കൽ സ്റ്റോറുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 5 വയസിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ചുമയ്ക്കുള്ള സിറപ്പ് നൽകുന്നെങ്കിൽ നിരീക്ഷണം ശക്തമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്- മന്ത്രി കൂട്ടിച്ചേർത്തു.

## സമാധാന ഉടമ്പടി ഹമാസ് അംഗീകരിച്ചതിന് പിന്നാലെ ഗാസയിൽ ഇസ്രയേൽ ആക്രമണം, മരിച്ചത് ആറുപേർ



**ഗാസാസിറ്റി:** ഇസ്രയേൽ – ഹമാസ് യുദ്ധം അവസാനിപ്പിക്കാൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവച്ച സമാധാന പദ്ധതിയിലെ ചില ഉപാധികൾ ഹമാസ് അംഗീകരിച്ചെന്ന റിപ്പോർട്ടിന് തൊട്ടുപിന്നാലെ ഗാസയിൽ ഇസ്രയേലിന്റെ കനത്ത ആക്രമണം. രണ്ട് ആക്രമണങ്ങളിലായി നിരപരാധികളായ ആറുപേരാണ് മരിച്ചത്. ഗാസ സിറ്റിയിൽ നടന്ന ആക്രമണത്തിൽ ഒരുവീട്ടിലെ നാലുപേർക്കാണ് ജീവൻ നഷ്ടമായത്. തെക്കൻ ഗാസയിലെ ഖാൻ യൂനിസിൽ നടന്ന ആക്രമണത്തിൽ രണ്ടുപേരാണ് കൊല്ലപ്പെട്ടത്. നിരവധിപേർക്ക് ആക്രമണത്തിൽ പരിക്കേറ്റെന്നാണ് പ്രാദേശിക അധികാരികൾ പറയുന്നത്. ജനവാസ മേഖലകളിൽ ആക്രമണം നടത്താനുള്ള പ്രകോപനം എന്താണെന്ന് വ്യക്തമല്ല. ആക്രമണങ്ങൾ കുറയ്ക്കാൻ സൈന്യത്തിന് ഇസ്രയേൽ നിർദ്ദേശം നൽകിയതായി റിപ്പോർട്ടുണ്ടായിരുന്നു. അതേസമയം, ഗാസയിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഹമാസ് തടവിലാക്കിയ ബന്ദികളെ മോചിപ്പിക്കുമെന്ന സൂചനകൾ പുറത്തുവരുന്നത് സുപ്രധാന ചുവടുവയ്പ്പാണെന്നും അദ്ദേഹം പറഞ്ഞു. ഗാസയിലെ സമാധാന ശ്രമങ്ങൾ നിർണായക പുരോഗതി കൈവരിക്കുന്ന സാഹചര്യത്തിൽ, ട്രംപിന്റെ നേതൃത്വത്തെ സ്വാഗതം ചെയ്യുന്നു, സമാധാന ശ്രമങ്ങൾക്ക് ഇന്ത്യ ശക്തമായ പിന്തുണ നൽകുന്നത് തുടരുമെന്നും മോദി പറഞ്ഞു. യുദ്ധം അവസാനിപ്പിക്കാൻ ഡൊണാൾഡ് ട്രംപ് മുന്നോട്ടുവച്ച സമാധാന പദ്ധതിയിലെ ചില ഉപാധികൾ ഹമാസ് അംഗീകരിച്ചിരുന്നു. ഇസ്രയേലി ബന്ദികളെ വിട്ടയക്കാനും ഗാസയുടെ ഭരണം കൈമാറുന്നതിനുമാണ് ഹമാസ് സമ്മതമറിയിച്ചത്. അതേസമയം, മറ്റ് ഉപാധികളിന്മേൽ കൂടുതൽ ചർച്ച വേണമെന്നും ഹമാസ് അറിയിച്ചിട്ടുണ്ട്. അമേരിക്കൻ സമയം ഞായറാഴ്ച വൈകിട്ട് ആറിനകം സമാധാന പദ്ധതി അംഗീകരിക്കണമെന്ന് ട്രംപ് ഹമാസിന് അന്ത്യശാസനം നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് ഹമാസിന്റെ പ്രതികരണമുണ്ടായത്. ഹമാസ് ശാശ്വത സമാധാനത്തിന് തയ്യാറാണെന്നാണ് കരുതുന്നതെന്നും ഗാസയിലെ ബോംബാക്രമണം ഇസ്രയേൽ ഉടൻ അവസാനിപ്പിക്കണമെന്നും ട്രംപ് പറഞ്ഞു. എങ്കിൽ മാത്രമേ ബന്ദികളെ വേഗത്തിലും സുരക്ഷിതമായും തിരികെ ലഭിക്കൂ എന്നും ട്രംപ് വ്യക്തമാക്കി.

## നിയമസഭ തിരഞ്ഞെടുപ്പിൽ ബുർഖ ധരിച്ചെത്തുന്ന സ്ത്രീകളെ പരിശോധിക്കണം'; തിരഞ്ഞെടുപ്പ് കമ്മിഷനോട് ബിജെപി



**പാട്ന:** ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് ഒന്നോ രണ്ടോ ഘട്ടങ്ങളിലായി നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷനോട് ആവശ്യപ്പെട്ട് ബിജെപി. ബുർഖ ധരിച്ച സ്ത്രീകളുടെ വോട്ടർ ഐഡി ഫോട്ടോകൾ പോളിംഗ് ബൂത്തുകളിൽ കൃത്യമായി പരിശോധിക്കണമെന്നും ബിജെപി ആവശ്യപ്പെട്ടു. 'ഒന്നോ രണ്ടോ ഘട്ടങ്ങളിലായി തിരഞ്ഞെടുപ്പ് നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ കാലതാമസം വരുത്തേണ്ടതില്ല. കൂടാതെ, യഥാർത്ഥ വോട്ടർമാർ മാത്രം വോട്ടവകാശം വിനിയോഗിക്കുന്നത് ഉറപ്പാക്കാൻ ബുർഖ ധരിച്ച സ്ത്രീകളുടെ മുഖം അതത് ഇലക്ടേഴ്സ് ഫോട്ടോ ഐഡി കാർഡുകൾ (ഇപിഐസി) ഉപയോഗിച്ച് പരിശോധിച്ച് ഉറപ്പാക്കണം'- ബീഹാർ ബിജെപി പ്രസിഡന്റ് ദിലീപ് ജയ്സ്വാൾ ആവശ്യപ്പെട്ടു. 'തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന തീയതിക്കും വോട്ടെടുപ്പ് ആരംഭിക്കുന്ന ദിവസത്തിനും ഇടയിലുള്ള 28 ദിവസത്തെ നിർബന്ധിത ഇടവേളയേക്കാൾ കൂടുതൽ കാലതാമസം പോളിംഗ് തീയതികളിൽ ഉണ്ടാകരുത്. അതിനാൽ, കുറച്ച് ദിവസങ്ങൾക്കുള്ളിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയാണെങ്കിൽ, നവംബർ മൂന്ന്-നാല് തീയതികളിൽ പോളിംഗ് ആരംഭിക്കാൻ സാധിക്കും'- ദിലീപ് ജയ്സ്വാൾ കൂട്ടിച്ചേർത്തു. അതേസമയം, ബുർഖ ധരിച്ച സ്ത്രീകളുടെ വോട്ടർ ഐഡി ഫോട്ടോകൾ പരിശോധിക്കണമെന്ന ബിജെപിയുടെ ആവശ്യത്തെ ആർജെഡി ശക്തമായി വിമർശിച്ചു. 'ഇതൊരു രാഷ്ട്രീയ ഗൂഢാലോചനയാണ്. അടുത്തിടെയാണ് വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം (എസ്ഐആർ) നടപ്പിലാക്കിയത്. എല്ലാ വോട്ടർമാർക്കും പുതിയ ഫോട്ടോകളുള്ള പുതിയ ഇപിഐസി കാർഡുകൾ വിതരണം ചെയ്യും. വോട്ടർമാരെ തിരിച്ചറിയുന്നത് വലിയ കാര്യമല്ല. എന്നാൽ ബിജെപി സ്വന്തം അജണ്ട മുന്നോട്ട് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു'- ആർജെഡി നേതാവ് അഭയ് കുശാഹ വിമർശിച്ചു.

### ആശാൻ

ചോദ്യങ്ങൾക്ക് തനിക്ക് അറിയുന്ന കാര്യങ്ങളും ഓർമിച്ചെടുത്ത് മറുപടി കൊടുത്തിട്ടുണ്ടെന്നും ഉണ്ണികൃഷ്ണൻ പോറ്റി



ഓർമ്മിക്കുവാൻ നിനക്കെന്ത് നൽകണം എന്ന് അയ്യപ്പൻ ചോദിയ്ക്കും



*മോഹൻലാലിന് ആദരമർപ്പിച്ച് കേരളം, മലയാള സിനിമയുടെ സുവർണ നേട്ടമെന്ന് മുഖ്യമന്ത്രിദാദാ സാഹേബ് ഫാൽക്കെ പുരസ്കാര ജേതാവ് മോഹൻലാലിന് കേരള സർക്കാർ ആദരമർപ്പിക്കുന്ന ചടങ്ങിൽ നിന്ന്*


**തിരുവനന്തപുരം:** ചലച്ചിത്രരംഗത്തെ പരമോന്നത ബഹുമതിയായ ദാദാ സാഹേബ് ഫാൽക്കെ അവാർഡ് നേടിയ ഭരത് മോഹൻലാലിന് ആദരമർപ്പിച്ച് സംസ്ഥാന സർക്കാർ. തിരുവനന്തപുരത്ത് സംഘടിപ്പിച്ച മലയാളം വാനോളം ലാൽസലാം എന്ന പരിപാടിയിലാണ് മലയാളത്തിന്റെ മഹാനടന് കേരളം ആദരമർപ്പിച്ചത്. മോഹൻലാലിനെ മുഖ്യമന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു. കേരള സർക്കാരിനുവേണ്ടി കവി പ്രഭ വർമ്മ എഴുതിയ പ്രശസ്തിപത്രം മുഖ്യമന്ത്രി പിണറായി വിജയൻ മോഹൻലാലിന് സമർപ്പിച്ചു. ഗായിക ലക്ഷ്മി ദാസ് പ്രശസ്തിപത്രം കവിത ചൊല്ലി. ഇന്ത്യൻ സിനിമയിലെ പിതാവായ ദാദ സാഹേബ് പുരസ്കാരം ഏറ്റുവാങ്ങിയപ്പോൾ അദ്ദേഹത്തിന്റെ സമർപ്പിത ജീവിതം തന്റെ മനസിലൂടെ കടന്ന് പോയെന്ന് മോഹൻലാൽ പറഞ്ഞു. ''എനിക്ക് അനായാസമാണ് അഭിനയം എന്ന് പലരും പറയുന്നു. എനിക്ക് അഭിനയം അനായാസം അല്ല. ദൈവമേ എന്ന് വിളിച്ചു കൊണ്ട് മാത്രമേ ഒരു കഥാപാത്രത്തിൽ നിന്നും മറ്റൊരു കഥാപാത്രത്തിലേക്ക് മാറുന്നത്''- മോഹൻലാൽ കൂട്ടിച്ചേർത്തു. മോഹൻലാൽ മലയാളത്തിന്റെ ഇതിഹാസതാരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇത് ഓരോ മലയാളിക്കും അഭിമാനിക്കാനുള്ള നേട്ടമാണ്. മലയാള സിനിമയുടെ ചരിത്രത്തിലെ സുവർണ നേട്ടമാണിത്. ശതാബ്ദിയോട് അടുക്കുന്ന മലയാള സിനിമയിൽ അര നൂറ്റാണ്ടായി മോഹൻലാലുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. അയല്പക്കത്തെ ഒരാളായി മോഹൻലാലിനെ മലയാളികൾ കാണുന്നു. സ്ക്രീനിലും പുറത്തും ആ ആദരവ് മോഹൻലാലിന് നൽകുന്നു. വഴക്കമേറിയ ശരീരമാണ് മോഹൻലാലിന്റേതെന്നും അസാമാന്യ മെയ്വഴക്കം ഉള്ള ആളാണ് മോഹൻലാലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഭരത് മോഹൻലാലിലൂടെ വാനോളമാണ് മലയാളം ഉയർന്നത് അതുകൊണ്ടാണ് സിനിമക്കുള്ള സമഗ്ര സംഭാവനക്ക് രാജ്യത്തെ പരമോന്നത ബഹുമതിയായ ദാദാ സാഹേബ് ഫാൽക്കെ അവാർഡ് നേടിയ മോഹൻലാലിനോട് കേരളം ഒന്നടങ്കം ലാൽസലാം എന്ന് പറയുന്നതെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

## ഒളിക്കാനോ മറയ്ക്കാനോ ഒന്നുമില്ല'; ശബരിമല സ്വർണപ്പാളി വിവാദത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെടാൻ ദേവസ്വം ബോർഡ്



**തിരുവനന്തപുരം:** ശബരിമല ശ്രീകോവിലിൽ പൂശിയ സ്വർണത്തിന്റെ തൂക്കത്തിൽ ഇതുവരെയുണ്ടായ കുറവിനെക്കുറിച്ചും സ്പോൺസർ എന്ന പേരിൽ ശബരിമലയെ ദുരുപയോഗം ചെയ്ത വ്യക്തികളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്തണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെടാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്. സ്വർണപ്പാളികളുടെ വാറന്റി 2019ലെ സ്പോൺസറുടെ പേരിലായതു കൊണ്ടാണ് 2025ലും അറ്റകുറ്റപ്പണികൾക്ക് ഈ സ്പോൺസറോട് ആവശ്യപ്പെട്ടത്. ശബരിമല ക്ഷേത്രത്തിന്റെ വിശ്വാസ്യതയ്ക്ക് മങ്ങലേൽക്കാനോ കളങ്കം വരാനോ പാടില്ലെന്നും അതുകൊണ്ടാണ് വിഷയത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെടുന്നതെന്നും ബോർഡ് പ്രസിഡൻറ് അഡ്വ. പി.എസ് പ്രശാന്ത് അംഗങ്ങളായ അഡ്വ . എ. അജികുമാർ അഡ്വ. പി. ഡി. സന്തോഷ് കുമാർ എന്നിവർ അറിയിച്ചു. ഏത് അന്വേഷണമാണ് ഇക്കാര്യത്തിൽ വേണ്ടത് എന്ന് തീരുമാനിക്കേണ്ടത് കോടതിയാണ്. 2025ൽ സ്വർണം പൂശിയ പാളികൾ അറ്റകുറ്റപ്പണികൾക്കായി ചെന്നൈയിലേക്കു കൊണ്ടുപോയത് എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടാണെന്ന് ബോർഡ് അവകാശപ്പെട്ടു. തിരുവാഭരണം കമ്മിഷണറുടെ നേതൃത്വത്തിൽ ദേവസ്വം വിജിലൻസ്, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ, അഡ്മിനിസ്ട്രേറ്റ് ഓഫീസർ, ദേവസ്വം സ്മിത്ത് എന്നിവരുടെ സാന്നിധ്യത്തിൽ മഹസർ തയ്യാറാക്കി സീൽ ചെയ്ത് നടപടിക്രമങ്ങളുടെ വീഡിയോ ചിത്രീകരണം നടത്തിയാണ് സുരക്ഷിത വാഹനത്തിൽ പാളികൾ ചെന്നൈയിലേക്കു കൊണ്ടുപോയത്. സ്പോൺസറുടെ കൈവശം കൊടുത്തുവിടുകയല്ല ചെയ്തത്. 14 പാളികളാണ് ആകെ ഉണ്ടായിരുന്നത്. ഇതിൽ 397 ഗ്രാം സ്വർണമാണ്. കേടുപാടുകൾ ഇല്ലാത്ത രണ്ട് പാളികൾ ചെന്നൈയിലേക്കു കൊണ്ടുപോയില്ല. കൊണ്ടുപോയ 12 പാളികളുടെ ആകെ ഭാരം 22 കിലോ ആണ്. അതിൽ 281 ഗ്രാം ആയിരുന്നു സ്വർണം. ചെന്നൈയിലെ സ്മാർട്ട് ക്രിയേഷനിൽ നടന്ന അറ്റകുറ്റപ്പണികളുടെ ഭാഗമായി 10 ഗ്രാം സ്വർണമാണ് പുതുതായി പൂശിയത്. ശേഷം സന്നിധാനത്ത് തിരികെ എത്തിച്ചപ്പോൾ 12 പാളികളിലെ സ്വർണത്തിന്റെ ഭാരം 291 ഗ്രാമായി വർധിച്ചു. ദ്വാരപാലക ശില്പങ്ങളിലെ സ്വർണം പൂശിയ 14 പാളികളുടെ ആകെ ഭാരം 38 കിലോയാണ്. ഇതിൽ സ്വർണത്തിന്റെ ഭാരം 397 ഗ്രാമിൽ നിന്ന് ഇപ്പോൾ 407 ഗ്രാമായും വർധിച്ചു. സന്നിധാനത്ത് തിരികെ എത്തിച്ച പാളികൾ സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരിക്കയാണ്. ഇത് പുനഃസ്ഥാപിക്കാനുള്ള അനുമതി ഹൈക്കോടതിയിൽ നിന്നു ലഭ്യമായ സാഹചര്യത്തിൽ തുലാമാസ പൂജയ്ക്കായി നടതുറക്കുന്ന ഒക്ടോബർ 17ന് പാളികൾ പുനഃസ്ഥാപിക്കും. 2019ലെ അറ്റകുറ്റപ്പണികൾക്ക് ശേഷം 40 വർഷത്തെ വാറന്റി ഈ പാളികൾക്ക് ഉണ്ടെന്നാണ് സ്മാർട്ട് ക്രിയേഷൻസും സ്പോൺസറും അറിയിച്ചിരുന്നത്. വാറന്റി അന്നത്തെ സ്പോൺസറുടെ പേരിലായതുകൊണ്ട് മാത്രമാണ് 2025ൽ പാളികളുടെ അറ്റകുറ്റപ്പണികൾക്ക് ദേവസ്വം ബോർഡ് ഈ സ്പോൺസറോട് ആവശ്യപ്പെട്ടത്. ഇക്കാര്യത്തിൽ ഒളിക്കാനോ മറയ്ക്കാനോ യാതൊന്നുമില്ല. അതുകൊണ്ടാണ് വിഷയത്തിൽ സമഗ്ര അന്വേഷണത്തിന് കോടതിയോട് ആവശ്യപ്പെടുന്നതെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

## മധുര മീനാക്ഷി ക്ഷേത്രത്തിന് ബോംബ് ഭീഷണി; വ്യാജമെന്ന് സ്ഥിരീകരിച്ചു



**മധുര:** മധുര മീനാക്ഷി ക്ഷേത്രത്തിൽ വ്യാജ ബോംബ് ഭീഷണി. ശനിയാഴ്ച രാവിലെയോടെ ഡിജിപിയുടെ ഔദ്യോഗിക ഇ-മെയിലിലേക്കാണ് ഭീഷണി സന്ദേശമെത്തിയത്. അമ്പലത്തിനുള്ളിൽ ബോംബ് സ്ഥാപിച്ചിട്ടുണ്ടെന്നായിരുന്നു സന്ദേശം. പ്രദോഷ ദിവസമായതിനാൽ സാധാരണയുള്ളതിനെക്കാൾ തിരക്കും ക്ഷേത്രത്തിൽ അനുഭവപ്പെട്ടിരുന്നു. ഭീഷണി സന്ദേശമെത്തിയതിന് പിന്നാലെ മധുര സിറ്റി ബോംബ് ഡിസ്പോസൽ യൂണിറ്റ് സംഘം ക്ഷേത്രത്തിലെത്തി പ്രധാന കോവിലിനുള്ളിൽ പരിശോധനകൾ നടത്തി. അന്നദാനമണ്ഡപത്തിലും പരിശോധനകൾ നടന്നു. അമ്പലത്തിലേക്ക് പ്രവേശിക്കുന്ന നാല് പ്രധാന ഗോപുരങ്ങൾ, പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഇടം, സമീപപ്രദേശത്തെ കടകൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിലും സ്ഫോടകവസ്തുക്കളൊന്നും കണ്ടെത്താനായില്ല. മൂന്ന് മണിക്കൂറോളം നീണ്ടുനിന്ന പരിശോധനയ്ക്കൊടുവിൽ ബോംബ് ഭീഷണി വ്യാജമാണെന്ന് സ്ഥിരീകരിക്കുകയായിരുന്നു.

## യുകെ പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ ഇന്ത്യയിലേക്ക്



**ന്യൂഡൽഹി:** ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ ഇന്ത്യയിലേക്ക്. ഒക്ടോബർ 8, 9 തീയതികളിലാണ് സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. രണ്ടു ദിവസത്തെ സന്ദർശനത്തിനിടെ, 'വിഷൻ 2035' രൂപരേഖയുടെ പുരോഗതി ഇരു നേതാക്കളും വിലയിരുത്തും. 2025 ജൂലായിൽ മോദി യുകെ സന്ദർശിച്ചതിന്റെ തുടർച്ചയായാണ് ഈ സന്ദർശനം. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറും 'വിഷൻ 2035' രൂപരേഖയും പ്രയോജനപ്പെടുത്തി, സാമ്പത്തിക, സാങ്കേതിക, തന്ത്രപരമായ മേഖലകളിൽ ഇന്ത്യ-യുകെ ബന്ധം കൂടുതൽ ദൃഢമാക്കാനുള്ള ഒരവസരമായാണ് സ്റ്റാർമറിന്റെ സന്ദർശനത്തെ നിരീക്ഷിക്കുന്നത്. വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, പ്രതിരോധം, സുരക്ഷ, കാലാവസ്ഥ, ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ഉൾക്കൊള്ളുന്ന 10 വർഷത്തെ സമഗ്ര പദ്ധതിയാണ് 'വിഷൻ 2035'. ഒക്ടോബർ 9-ന് മുംബൈയിൽ വ്യവസായ-വാണിജ്യ പ്രമുഖരുമായി മോദിയും സ്റ്റാർമറും കൂടിക്കാഴ്ച നടത്തുകയും ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാർ മുന്നോട്ടുവെക്കുന്ന അവസരങ്ങളിൽ ചർച്ച നടത്തുകയും ചെയ്യും. കൂടാതെ ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന്റെ ആറാം പതിപ്പിൽ പങ്കെടുക്കുകയും നയരൂപകർത്താക്കൾ, വ്യവസായ രംഗത്തെ വിദഗ്ദ്ധർ എന്നിവരുമായി സംവദിക്കുകയും ചെയ്യും. 2025 ജൂലൈ 24-നാണ് സുപ്രധാനമായ ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക വ്യാപാര കരാറിൽ ഇന്ത്യയും യുകെയും ഒപ്പുവെച്ചത്. ഈ കരാർ പ്രകാരം, ഇന്ത്യയുടെ കയറ്റുമതിയുടെ ഏകദേശം 99 ശതമാനത്തിനും യുകെയിൽ തീരുവ ഒഴിവ് ലഭിക്കുന്നു. കൂടാതെ, 90 യുകെ ഉൽപ്പന്നങ്ങൾക്കുള്ള തീരുവകളും നീക്കം ചെയ്യപ്പെടും. നിലവിൽ ഏകദേശം 56 ബില്യൺ യുഎസ് ഡോളർ വരുന്ന ഉഭയകക്ഷി വ്യാപാരം 2030 ഓടെ ഇരട്ടിയാക്കുക എന്നതാണ് ഈ കരാറിന്റെ ലക്ഷ്യം.

## അയ്യപ്പസംഗമത്തിന് ദേവസ്വം ഫണ്ടിൽ നിന്ന് 3 കോടി കൊടുത്തു; ഹൈക്കോടതിക്ക് നൽകിയ ഉറപ്പ് ലംഘിച്ച് സർക്കാർ



**തിരുവനന്തപുരം:** ആഗോള അയ്യപ്പസംഗമത്തിൽ കോടതിയെ കബളിപ്പിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്. സർക്കാരും ദേവസ്വം ബോർഡും അയ്യപ്പസംഗമത്തിന് ഒരു രൂപപോലും ചെലവാക്കില്ലെന്ന് ഹൈക്കോടതിയെ അറിയിച്ച സർക്കാർ ദേവസ്വം ബോർഡിന്റെ സർപ്ലസ് ഫണ്ടിൽനിന്ന് മൂന്നുകോടി രൂപ അനുവദിച്ചതിന്റെ ലഭിച്ചു. അയ്യപ്പസംഗമം നടക്കുന്നതിന്റെ അഞ്ചുദിവസംമുൻപ (15092025 തിങ്കളാഴ്ച) ദേവസ്വം കമ്മിഷണർ പുറത്തിറക്കിയ ഉത്തരവിലാണ് ഇതുസംബന്ധിച്ച ഏറ്റവും നിർണായകമായ തെളിവുകളുള്ളത്. എംഒയു പ്രകാരം ആഗോള അയ്യപ്പസംഗമത്തിന്റെ നടത്തിപ്പ് ചുമതല ഇവന്റ് മാനേജ്മെന്റ് കമ്പനിയായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തിനാണ്. സംഗമത്തിന്റെ നടത്തിപ്പിന് കമ്പനിക്ക് ആകെ ചെലവായത് 82242147 (8.2 കോടി) രൂപയാണ്. ഇതിൽ ആദ്യഘട്ടമെന്നോണം അഡ്വാൻസായി മൂന്നുകോടി രൂപ ദേവസ്വം കമ്മിഷണറുടെ സർപ്ലസ് ഫണ്ടിൽനിന്ന് അനുവദിച്ചെന്നാണ് ഉത്തരവിൽ പറയുന്നത്. ഇതിന്റെ അക്കൗണ്ട് നമ്പറടക്കം ഓർഡറിൽ കാണിക്കുന്നുണ്ട്. ഭക്തർ കാണിക്കയിടുന്നതടക്കമുള്ള പണമാണ് സർപ്ലസ് ഫണ്ട്. ഇവ ഒരുതരത്തിലും ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ പാടുള്ളതല്ല. ഹൈക്കോടതിയുടെ അനുമതിയോടെ മാത്രമേ ദേവസ്വം കമ്മിഷണറുടെ സർപ്ലസ് ഫണ്ട് അനുവദിക്കാൻ കഴിയുകയുള്ളൂ. കോവിഡ് സമയത്ത് ദേവസ്വം ബോർഡ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ ഹൈക്കോടതിയുടെ പ്രത്യേക അനുമതി വാങ്ങിയ ശേഷമാണ് ഈ പണം ഉപയോഗിച്ചിരുന്നത്. പിന്നീട് തിരിച്ചടയ്ക്കുകയും ചെയ്തു. ദേവസ്വം ബോർഡിന്റെ ആസ്തി വികസിപ്പിക്കാനോ കെട്ടിടം പണിയാനോ ഒക്കെയാണ് സർപ്ലസ് ഫണ്ട് ചെലവഴിക്കേണ്ടത്. അതേസമയം അയ്യപ്പസംഗമത്തിന് ഒരു രൂപപോലും സർക്കാരോ ദേവസ്വം ബോർഡോ ചെലവഴിക്കില്ലെന്നായിരുന്നു ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം. സ്പോൺസർമാരിലൂടെ പണം കണ്ടെത്തുമെന്നായിരുന്നു അധികൃതർ അറിയിച്ചിരുന്നത്.

# ആർസിഎം രൂപാന്തരൺ യാത്ര കൊച്ചിയിലെത്തി



രാജ്യത്തെ പ്രമുഖ ഡയറക്ട് സെല്ലിംഗ് കമ്പനിയായ ആർസിഎം രാജ്യവ്യാപകമായി നടത്തിവരുന്ന രൂപാന്തരൺ യാത്ര കൊച്ചിയിലെത്തി. ആർസിഎമ്മിന്റെ 25-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 75 നഗരങ്ങൾ പിന്നിട്ട് 25 പ്രധാന പരിപാടികൾ ഉൾപ്പെടെ 17,000 കിലോമീറ്റർ സഞ്ചരിക്കുന്ന 100 ദിവസത്തെ യാത്രയായ രൂപാന്തരൺ യാത്ര കൊച്ചി കൂടാതെ തൃശ്ശൂരിലും കണ്ണൂരിലും എത്തിച്ചേർന്നിരുന്നു. ജീവിതശൈലി രോഗങ്ങളായ പ്രമേഹം, ഹൈപ്പർടെൻഷൻ, തൈറോയിഡ് പ്രശ്നങ്ങൾ, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയവയെക്കുറിച്ച് അവബോധം വളർത്താനും ഈ രോഗങ്ങളെ തടയുന്നതിന് സഹായകരമായ ആരോഗ്യവർദ്ധക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് യാത്ര നടക്കുന്നത്. രൂപാന്തരൺ യാത്രയുടെ ഭാഗമായി എല്ലാ പ്രായത്തിലും പശ്ചാത്തലത്തിലും നിന്നുള്ള സ്ത്രീകൾക്കും യുവാക്കൾക്കും സംരംഭകർക്കും തുല്യ അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ, ഉപജീവനമാർഗങ്ങൾ ശക്തിപ്പെടുത്താനും ശ്രമിച്ചുവരുന്നതായി ആർസിഎം പറയുന്നു. കൊച്ചി സന്ദർശനത്തിൽ ആർസിഎമ്മിന്റെ ഭാഗമായി ജീവിതവിജയം നേടിയ വനിതാ-യുവ സംരംഭകർ തുടങ്ങിയവർ തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ടു. ആർസിഎം ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോയും പരിപാടിയിൽ പ്രദർശിപ്പിച്ചു. നെടുമ്പാശ്ശേരിയിലെ എയർപോർട്ട് റോഡിലുള്ള സിയാൽ ട്രേഡ്

# സ്വർണ ശേഖരം പതിനായിരം കോടി ഡോളറിലേക്ക്

കൊച്ചി: ആഗോള അനിശ്ചിതത്വങ്ങൾ മറികടക്കാൻ സുരക്ഷിതത്വം തേടി റിസർവ് ബാങ്ക് സ്വർണ ശേഖരം ഉയർത്തുന്നു. സെപ്തംബർ 26ന് അവസാനിച്ച വാരത്തിൽ റിസർവ് ബാങ്കിന്റെ കൈവശമുള്ള സ്വർണത്തിന്റെ മൂല്യം 223.8 കോടി ഡോളർ വർദ്ധിച്ച് 9,501.7 കോടി ഡോളറായി. രാജ്യാന്തര വിപണിയിൽ വില റെക്കാഡുകൾ പുതുക്കി കുതിക്കുന്നതും സ്വർണത്തിന്റെ മൂല്യം കൂട്ടി. വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കുകളനുസരിച്ച് ഇന്ത്യയുടെ ഔദ്യോഗിക സ്വർണ ശേഖരം 890 ടണ്ണാണ്.



ആഗോള സാമ്പത്തിക, രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ കണക്കിലെടുത്താണ് റിസർവ് ബാങ്ക് 2010 മുതൽ വിപണിയിൽ നിന്ന് വലിയ തോതിൽ സ്വർണം വാങ്ങാൻ തുടങ്ങിയത്. നിലവിൽ ലോകത്തിൽ ഏറ്റവുമധികം സ്വർണ ശേഖരമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഒൻപതാം സ്ഥാനത്താണ്. നടപ്പുവർഷം ഇതുവരെ നാല് ടൺ സ്വർണമാണ് റിസർവ് ബാങ്ക് വാങ്ങിയത്. ജനുവരിയിൽ 2.8 ടണ്ണും മാർച്ചിൽ 0.6 ടണ്ണും ജൂണിൽ 0.4 ടണ്ണും സ്വർണം വാങ്ങി. കഴിഞ്ഞ വർഷം 72.6 ടൺ സ്വർണം ഇന്ത്യ വിദേശ നാണയ ശേഖരത്തിൽ പുതുതായി ഉൾപ്പെടുത്തി. ഇക്കാലയളവിൽ പോളണ്ട് 89.5 ടണ്ണും ടർക്കി 77.4 ടണ്ണും സ്വർണം വിപണിയിൽ നിന്ന് വാങ്ങി.

**കേന്ദ്ര ബാങ്കുകളുടെ സ്വർണ പ്രേമം**

ചരിത്രത്തിൽ ഇതുവരെ ഖനനം ചെയ്ത സ്വർണത്തിൽ അഞ്ചിൽ ഒന്ന് ഭാഗവും വിവിധ കേന്ദ്ര ബാങ്കുകളുടെ കൈവശമാണ്. ജൂലായ് വരെയുള്ള കണക്കുകളനുസരിച്ച് കേന്ദ്ര ബാങ്കുകളുടെ മൊത്തം സ്വർണ ശേഖരം 36,359 ടണ്ണാണ്. ഉയർന്ന ശേഖരമുള്ള രാജ്യങ്ങളുടെ പട്ടികയിൽ 8133.5 ടൺ സ്വർണവുമായി അമേരിക്കയാണ് ഒന്നാമത്. ജർമ്മനി, ഇറ്റലി, ഫ്രാൻസ് എന്നിവയും തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്. ഐ.എം.എഫിന്റെ കൈവശം 2,814 ടൺ സ്വർണമുണ്ട്. അമേരിക്കൻ ഡോളറിലും ബോണ്ടുകളിലും വിശ്വാസം കുറഞ്ഞതാണ് സ്വർണത്തിലേക്ക് മാറാൻ ബാങ്കുകളെ പ്രേരിപ്പിക്കുന്നത്.

**ഉയർന്ന ശേഖരമുള്ള കേന്ദ്ര ബാങ്കുകൾ**

അമേരിക്ക 8.133.5 ടൺ
ജർമ്മനി 3,350.3 ടൺ
ഐ.എം.എഫ് 2,814 ടൺ
ഇറ്റലി 2,451.8 ടൺ
ഫ്രാൻസ് 2,437 ടൺ
റഷ്യൻ ഫെഡറേഷൻ 2,326.5 ടൺ
ചൈന 2,302.3 ടൺ
സ്വിറ്റ്സർലൻഡ് 1,039.9 ടൺ
ഇന്ത്യ 880 ടൺ
ജപ്പാൻ 846 ടൺ

ഇന്ത്യയുടെ സ്വർണ ശേഖരത്തിന്റെ മൂല്യം
8.37 ലക്ഷം കോടി രൂപ

സ്വർണത്തിന്റെ കരുത്ത്
സുരക്ഷിതത്വം, പണലഭ്യത, മികച്ച മൂല്യവർദ്ധന

ടിവി മികച്ച പ്രോഗ്രാമുകൾ കാണുന്നതും, തുടർച്ചയായി സിനിമകളോ സീരീസുകളോ കാണുന്നതിനും സഹായിക്കുന്നു. ഇവയിൽ ഏറ്റവും മികച്ചവ, വ്യക്തമായ 4K ദൃശ്യങ്ങൾ, ധാരാളം ആപ്പുകൾ തിരഞ്ഞെടുക്കാനുള്ള അവസരം, കൂടാതെ 'പ്ലേ ഐപിഎൽ ഹൈലൈറ്റ്സ്' എന്ന് പറയുമ്പോൾ നിമിഷങ്ങൾക്കകം പ്രതികരിക്കുന്ന വോയിസ് കൺട്രോൾ എന്നിവ സമന്വയിപ്പിക്കുന്നു. കൂടാതെ നെറ്റ്ഫ്ലിക്സ്, വാർത്ത, ബേബി മോണിറ്റർ എന്നിവയ്ക്കെല്ലാം ഒരൊറ്റ റിമോട്ട് ആവശ്യമേ ഉള്ളൂ. സോണിയുടെ ബ്രാവിയ 43-ഇഞ്ച് ഗൂഗിൾ ടിവി നിങ്ങളുടെ വീട്ടിലേക്ക് ഏറ്റവും മികച്ച ഓപ്ഷനാണ്. വ്യക്തമായ നിറങ്ങൾ, സുഗമമായ 4ഗ സ്ട്രീമിങ്, ഒപ്പം നേർത്തതല്ലാത്ത, മികച്ച ശബ്ദം. ഗൂഗിൾ ടിവിയും വോയിസ് കൺട്രോളുകളും നിങ്ങളുടെ ഇഷ്ടാനുസരണം ബ്രൗസ് ചെയ്യാനും പരിപാടികൾ ആസ്വദിക്കാനും സഹായിക്കുന്നു. മൂന്ന് വർഷത്തെ വാറണ്ടി ദീർഘകാല ഉപയോഗത്തെക്കുറിച്ചുള്ള ആശങ്കകൾ ഇല്ലാതാക്കുന്നു. എൽജിയുടെ 55-ഇഞ്ച് UR7500PSC സിനിമാ നിലവാരത്തിലുള്ള 4K കാഴ്ചാനുഭവവും ലളിതവും മനോഹരവുമായ



രൂപകൽപ്പനയും ലിവിങ് റൂമിലേക്ക് കൊണ്ടുവരുന്നു. WebOS 23 പ്ലാറ്റ്ഫോം ധാരാളം ആപ്പുകളുമായി വേഗത്തിൽ പ്രവർത്തിക്കുന്നു, അതിനാൽ നിങ്ങൾക്ക് തടസ്സമില്ലാത്ത സ്ട്രീമിങ്ങും എളുപ്പത്തിൽ ക്രമീകരണങ്ങൾ മാറ്റാനുള്ള സൗകര്യവും ലഭിക്കുന്നു. അതിലെ AI മോഡുകളുമുണ്ട്.

ഷവോമി 50-ഇഞ്ച് എക്സ് സീരീസ് ടിവി https://amzn.to/3KA30TI ഇത് താങ്ങാനാവുന്ന വിലയിലുള്ള 4ഗ അൾട്രാ എച്ച്ഡി ക്ലാരിറ്റിയും ദൈനംദിന കാഴ്ചകൾക്കും സാധാരണ ഗെയിമിങ്ങിനും അനുയോജ്യമായ ഗൂഗിൾ ടിവി സവിശേഷതകളും സംയോജിപ്പിക്കുന്നു. മിഴിവുള്ള ഡിസ്പ്ലേയും വേഗതയേറിയ ഇന്റർഫേസും ഉപയോക്താക്കൾക്ക് നെറ്റ്ഫ്ലിക്സ്, ഐപിഎൽ, യൂട്യൂബ് എന്നിവ കാണാൻ ആക്സസ് ചെയ്യാം.

# 1.84 ലക്ഷം കോടിയുടെ അവകാശികളെ തേടി കേന്ദ്രം

കൊച്ചി: ബാങ്കുകളിലും മറ്റ് സ്ഥാപനങ്ങളിലും അവകാശികളില്ലാത്ത 1.85 ലക്ഷം കോടി രൂപയുടെ ധനകാര്യ ആസ്തികൾ ഉടമകളെ കണ്ടെത്തി കൈമാറാൻ ലക്ഷ്യമിടുന്ന പ്രചാരണം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഉദ്ഘാടനം ചെയ്തു. ഓഹരികൾ, പ്രൊവിഡന്റ് ഫണ്ട്, ബാങ്ക് നിക്ഷേപങ്ങൾ, മ്യൂചൽ ഫണ്ടുകൾ, ഇൻഷ്വറൻസ് പോളിസികൾ, പെൻഷൻ ഫണ്ടുകൾ തുടങ്ങിയ ധനകാര്യ ആസ്തികളിലാണ് അവകാശികൾ ആരെന്നറിയാതെ ഇത്രയേറെ പണം കിടക്കുന്നത്. 'നിങ്ങളുടെ പണം, നിങ്ങളുടെ അവകാശം' എന്ന പേരിൽ മൂന്ന് മാസം നീളുന്ന ദേശീയ പ്രചാരണത്തിലൂടെ അവകാശികളെ കണ്ടെത്തി തുക പൂർണമായും കൈമാറാനാണ് ലക്ഷ്യമെന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നിർമ്മല സീതാരാമൻ പറഞ്ഞു. പണത്തിന്റെ അവകാശികളെ കണ്ടെത്താനുള്ള പദ്ധതിയിൽ അവബോധം, ഉൾപ്പെടുത്തൽ, നടപടി എന്നിവയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് ധനമന്ത്രി പറഞ്ഞു. കഷ്ടപ്പെട്ട്



സമ്പാദിച്ച പണം യഥാർത്ഥ ഉടമയിലേക്കോ അവരുടെ കുടുംബത്തിലേക്കോ എത്തുന്നുവെന്ന് ഉറപ്പാക്കണമെന്നും ഉദ്യോഗസ്ഥരോട് അവർ ആവശ്യപ്പെട്ടു.

**പ്രചാരണത്തിന്റെ ലക്ഷ്യം**

വിവിധ കാരണങ്ങളാൽ ബാങ്കുകളിലും റിസർവ് ബാങ്കിലും നിക്ഷേപ വിദ്യാഭ്യാസ, സുരക്ഷിത ഫണ്ടുകളിലും അവകാശികളില്ലാതെ കിടക്കുന്ന പണം കൈമാറുന്നതിന് മാർഗ നിർദേശം നൽകാനാണ് പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ പണം ലഭിക്കാൻ ആവശ്യമായ നടപടി ക്രമങ്ങളും ഹാജരാക്കേണ്ട രേഖകളെയും കുറിച്ച് പദ്ധതിയിലൂടെ അവബോധം നൽകും. എത്രകാലം കഴിഞ്ഞാലും ഉപഭോക്താവിന്റെ പണം സുരക്ഷിതമായിരിക്കുമെന്നും നിർമ്മല സീതാരാമൻ പറഞ്ഞു.

**ബാങ്കുകളിൽ അവകാശികളില്ലാതെ 67,000 കോടി രൂപ**

രാജ്യത്തെ വിവിധ ബാങ്കുകളിലായി അവകാശികളില്ലാത്ത 67,000 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. ഇതിൽ 29 ശതമാനം എസ്.ബി.ഐയിലാണ്. പത്ത് വർഷമായി ഉപയോഗിക്കാത്ത സേവിംഗ്സ്, കറന്റ് അക്കൗണ്ടുകളിലെ പണവും കാലാവധി കഴിഞ്ഞ് പത്ത് വർഷമായിട്ടും അവകാശികളെത്താത്ത ടേം നിക്ഷേപങ്ങളുമാണ് അൺക്ലെയിംഡ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്.

**പ്രധാന ആസ്തികൾ**

ഇൻഷ്വറൻസ് പോളിസികൾ, ബാങ്ക് നിക്ഷേപങ്ങൾ, ഓഹരി ലാഭവിഹിതം, ഓഹരികൾ, പെൻഷൻ ഫണ്ട് നിക്ഷേപങ്ങൾ എന്നിവയിലാണ് അവകാശികളില്ലാതെ ഏറെ പണം കിടക്കുന്നത്

# ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജുവലേഴ്സ് ആവടി ഷോറൂം




ചെന്നൈ: ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജുവലേഴ്സിന്റെ ചെന്നൈയിലെ രണ്ടാമത്തെ ഷോറൂം ആവടിയിൽ തമിഴ്നാട് ന്യൂനപക്ഷ ക്ഷേമ മന്ത്രി എസ്.എം.നാസർ, ബോചെ, സിനിമാതാരം കാജൽ അഗർവാൾ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. സ്വർണാഭരണങ്ങളുടെ ആദ്യ വിൽപ്പന ജി ഉദയകുമാർ(മേയർ, ആവടി മുൻസിപ്പൽ കോർപറേഷൻ) നിർവഹിച്ചു. സി.പി. അനിൽ (ജി.എം. മാർക്കറ്റിംഗ്, ബോബി ചെമ്മണൂർ ഇന്റർനാഷണൽ ഗ്രൂപ്പ്) സ്വാഗതവും എം. ജെ. ജോജി (പി.ആർ.ഒ.) നന്ദിയും പറഞ്ഞു. ഉദ്ഘാടനവേളയിൽ നിർദ്ധനരായ രോഗികൾക്ക് ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് നൽകുന്ന ധനസഹായം വിതരണം ചെയ്തു. ബോചെയുടെ ഇൻസ്റ്റഗ്രാം പേജ് ഫോളോ ചെയ്ത് ഫ്രീ തങ്കുബിസ്കറ്റ് കോൺടെസ്റ്റിൽ പങ്കെടുത്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഷംനാദ് ഷാഹിക്ക് ബോചെ തങ്കുബിസ്കറ്റ് സമ്മാനിച്ചു. അതിശയിപ്പിക്കുന്ന നിരവധി ഓഫറുകളും സമ്മാനങ്ങളുമാണ് ഉദ്ഘാടനത്തിന്റെ ഭാഗമായി ഉപഭോക്താക്കളെ കാത്തിരിക്കുന്നത്.



# കൊച്ചി ലുലുവിൽ ദി ലക്സ് എഡിറ്റ് പ്രദർശനം ഇന്ന് വരെ

**കൊച്ചി:** ലോകോത്തര ബ്രാൻഡുകളുടെ വിപുലമായ ശേഖരവുമായി കൊച്ചി ലുലുവിൽ നടക്കുന്ന ദി ലക്സ് എഡിറ്റ് എക്സ്പോ ഇന്ന് അവസാനിക്കും. ഫ്രാ?ഗ്രൻസ്, വാച്ചുകൾ, സൺ ?ഗ്ലാസുകൾ തുടങ്ങിയവയുടെ വിപുലമായ ശേഖരമാണ് മേളയിലുള്ളത്. ലുലു എട്രിയത്തിൽ ആരംഭിച്ച എക്സ്പോയിൽ ആകർഷകമായ ഓഫറുണ്ട്. സ്വിസ്സ് ടൈം ഹൗസാണ് വാച്ച് എക്സ്പോ ഒരുക്കുന്നത്. കാൽവിൻ ക്ലെൻ, കാസിയോ, എഡിഫൈസ്, കെന്നത്ത് കോൾ തുടങ്ങി അന്താരാഷ്ട്ര ബ്രാൻഡുകൾ അണിനിരക്കുന്നു. സെലിൻ പാരിസ്, പ്രാഡ, റെയിബാൻ, ,ടോം ഫോർഡ്, പോലീസ്, ഹ്യൂ?ഗോ, ടോമി ഹിൽഫൈറ്റർ ഉൾപ്പടെ ലോകോത്തര ബ്രാൻഡുകളുടെ സൺ??ഗ്ലാസുകൾ ഐ.എക്സ് പ്രസ് ഒരുക്കുന്ന എക്സ്പോയിലെ മുഖ്യ ആകർഷണമാണ്. 50 ശതമാനം വരെയുള്ള ഓഫർ പല ബ്രാൻഡിനും ലഭിക്കും. ലുലു ബ്ലഷിന്റെ നേതൃത്വത്തിൽ പെർഫ്യൂമുകളുടെ വിപുലമായ കളക്ഷനൊരുക്കിയിട്ടുണ്ട്. ഡേവിഡ് ഓഫ്, ഡോൾസ് ആൻഡ് ?ഗബ്ബാന തുടങ്ങിയ ബ്രാൻഡുകൾക്ക് 50 ശതമാനം വരെ വിലക്കുറവുണ്ട്. കയ്യിലിണങ്ങിയ ഇഷ്ട വാച്ചുകൾ തിരഞ്ഞെടുക്കാനും വാങ്ങുവാനും ഈ ഓഫർ കാലം വിനിയോ?ഗിക്കാൻ സാധിക്കും.

# ഗോൾഡ് ലോൺ: പലിശ അടച്ച് പുതുക്കാൻ കഴിയില്ല, പ്രധാന മാറ്റങ്ങൾ അറിയാം

സ്വർണം, വെള്ളി പണയ വായ്പകളുടെ വ്യവസ്ഥകൾ റിസർവ് ബാങ്ക് പുതുക്കി. ഉപഭോക്താക്കളുടെ സംരക്ഷണം, വായ്പാ പ്രക്യയയിലെ സുതാര്യത, തിരിച്ചടവിലെ അച്ചടക്കം എന്നിവ ലക്ഷ്യമിട്ടാണ് പരിഷ്കരണം. രണ്ട് ഘട്ടമായാണ് വ്യവസ്ഥകൾ പ്രാബല്യത്തിലാകുക. അതിൽ ഒന്നാം ഘട്ടം ഒക്ടോബർ ഒന്നിന് നിലവിൽ വന്നു. രണ്ടാംഘട്ടം 2026 ഏപ്രിൽ ഒന്നു മുതൽ നടപ്പിലാകും.

വലിയ തുകയുടെ വായ്പകൾക്ക് സ്വർണത്തിന്റെ മൂല്യത്തിനനുസരിച്ചുള്ള വായ്പാ അനുപാതം(എൽടിവി) തരംതിരിച്ചിട്ടുണ്ട്. ബുള്ളറ്റ് തിരിച്ചടവ് വ്യവസ്ഥകൾ കർശനമാക്കുകയും ചെയ്തു. വായ്പ അടച്ചുതീർത്താൽ പണയ സ്വർണം ഉടനെ തിരികെ നൽകാനും വീഴ്ചവരുത്തിയാൽ പിഴ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. വായ്പാ കരാർ, മൂല്യനിർണയം, ലേല നടപടകൾ എന്നിവ സുതാര്യമാക്കുകയും വേണം. ഉപഭോക്താക്കൾക്ക് മനസിലാകുന്ന പ്രാദേശിക ഭാഷയിൽ എല്ലാ വിവരങ്ങളും നൽകണമെന്നും ആർബിഐ നിർദേശിക്കുന്നു.

2026 ഏപ്രിൽ ഒന്നു മുതലുള്ള മാറ്റങ്ങൾ:

സ്വർണത്തിന്റെ മൂല്യത്തിന്റെ 85 ശതമാനംവരെ 2.50 ലക്ഷം രൂപവരെയുള്ള വായ്പകൾക്കായി അനുവദിക്കാം. 2.50 ലക്ഷം മുതൽ അഞ്ച് ലക്ഷം രൂപവരെയാണെങ്കിൽ മൂല്യത്തിൽ പരിധി 80 ശതമാനമായിരിക്കും. അതിന് മുകളിലാണ് വായ്പയെങ്കിൽ 75 ശതമാനവുമായി നിശ്ചിയിച്ചിട്ടുണ്ട്.

2.5 ലക്ഷം വരെമൂല്യത്തിന്റെ 85
2.5 ലക്ഷത്തിനും ?5 ലക്ഷത്തിനും ഇടയിൽ മൂല്യത്തിന്റെ 80
5 ലക്ഷത്തിന് മുകളിൽമൂല്യത്തിന്റെ 75

ബുള്ളറ്റ് തിരിച്ചടവ് വ്യവസ്ഥ കർശനമാക്കി. മുതലും പലിശയും 12 മാസത്തിനുള്ളിൽ തിരിച്ചടയ്ക്കണം.

പലിശ മാത്രം അടച്ച് വായ്പ പുതുക്കുന്ന രീതി നിർത്തലാക്കി. വായ്പാ തിരിച്ചടിവിൽ അച്ചടക്കം കൊണ്ടുവരികയാണ് ലക്ഷ്യം.

വായ്പ മുഴുവനും തിരിച്ചടച്ചാൽ പണയം വെച്ച സ്വർണം അന്നുതന്നെ അല്ലെങ്കിൽ ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തിരികെ നൽകണം. ഇതിൽ വീഴ്ചവരുത്തിയാൽ വൈകുന്ന ഓരോ ദിവസത്തിനും 5,000 രൂപവീതം പിഴ നൽകേണ്ടിവരും.

വായ്പാ കരാർ: ഈട്, സ്വർണത്തിന്റെ മൂല്യനിർണയ രീതി, ലേല വ്യവസ്ഥ, സമയക്രമം, സ്വർണം തിരികെ നൽകുന്നതിനുള്ള സമയപരിധി എന്നിവ വായ്പാ കരാറിൽ വ്യക്തമായി രേഖപ്പെടുത്തണം.

മൂല്യനിർണയം: 30 ദിവസത്തെ ശരാശരി വിലയോ തലേദിവസത്തെ വിലയോ (IBJA അല്ലെങ്കിൽ SEBI എക്സ്ചേഞ്ച് നിരക്കുകൾ പ്രകാരം) ഏതാണ് കുറവ് അത് അനുസരിച്ചായിരിക്കും മൂല്യം നിശ്ചയിക്കുക. സ്വർണത്തിന്റെ തനത് മൂല്യം മാത്രമേ വായ്പക്കായി പരിഗണിക്കൂ. കല്ലുകൾ, രത്നം, പണിക്കൂലി എന്നിവ ഒഴിവാക്കും.




ലേല നടപടികൾ: പണയ സ്വർണം ലേലം ചെയ്യുന്നതിന് മുമ്പ് വായ്പയെടുത്തയാൾക്ക് മുൻകൂർ അറിയിപ്പ് നൽകണം. ലേലത്തിനുള്ള മിനിമം തുക വിപണി മൂല്യത്തിന്റെ 90 ശതമാനമായി നിശ്ചയിക്കണം. രണ്ട് ലേലങ്ങൾ പരാജയപ്പെട്ടാൽ വില 85 ശതമാനമായി കുറയ്ക്കാം. ലേലത്തിൽനിന്ന് ലഭിക്കുന്ന അധിക തുക ഏഴ് ദിവസത്തിനുള്ളിൽ വായ്പയെടുത്തയാൾക്ക് തിരികെ നൽകണം.

പ്രാദേശിക ഭാഷ: വായ്പയുടെ എല്ലാ നിബന്ധനകളും സ്വർണത്തിന്റെ മൂല്യനിർണയ വിശദാംശങ്ങളും വായ്പയെടുത്തയാൾ ആവശ്യപ്പെടുന്ന ഭാഷയിലായിരിക്കണം. നിരക്ഷരരായ വായ്പക്കാർക്ക് സ്വതന്ത്ര സാക്ഷിയുടെ മുന്നിൽവെച്ച് നിബന്ധനകൾ വിശദീകരിച്ച് നൽകണം.

2025 ഒക്ടോബർ ഒന്നു മുതലുള്ള മാറ്റങ്ങൾ:

സ്വർണം വാങ്ങുന്നതിന് വായ്പയില്ല: ആഭരണങ്ങൾ, കോയിൻ, ഇടിഎഫ് എന്നിവ ഉൾപ്പടെ ഏത് രൂപത്തിലുള്ള സ്വർണം വാങ്ങുന്നതിനും ഇനി വായ്പ ലഭിക്കില്ല.

ശുദ്ധീകരിക്കാത്ത സ്വർണം: അസംസ്കൃത രൂപത്തിലുള്ള സ്വർണത്തിനോ വെള്ളിക്കോ വായ്പ നൽകാനാവില്ല.

മൂലധന വായ്പ: സ്വർണമോ വെള്ളിയോ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന എല്ലാ നിർമാതാക്കൾക്കും പ്രവർത്തന മൂലധന വായ്പ അനുവദിക്കും. മുമ്പ് ഇത് ജുവല്ലറികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

സഹകരണ ബാങ്കുകൾ: ചെറു പട്ടണങ്ങളിലെ അർബൻ കോ ഓപ്പറേറ്റീവ് ബാങ്കുകൾക്കും സ്വർണ വായ്പ നൽകാൻ അനുമതി.

തിരിച്ചടവ് കാലാവധി: സ്വർണ ലോഹ വായ്പയുടെ (ജിഎംഎൽ) തിരിച്ചടവ് കാലാവധി 270 ദിവസം വരെയാകാം. പുറംകരാർ അടിസ്ഥാനത്തിൽ ആഭരണങ്ങൾ നിർമിക്കുന്നവർക്കും ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കും.ആഭരണ നിർമാതാക്കൾക്ക് നൽകുന്ന വായ്പാ സംവിധാനമാണ് ഗോൾഡ് മെറ്റൽ ലോൺ. പണത്തിന് പകരം സ്വർണം മൂലധനമായി നൽകുന്നു. കടമെടുത്ത സ്വർണം ഉപയോഗിച്ച് ആഭരണം നിർമിക്കുകയും വില്പനയിൽനിന്നുള്ള വരുമാനം ഉപയോഗിച്ച് വായ്പ തിരിച്ചടക്കുകയും ചെയ്യുന്നതാണ് രീതി.

ഗോൾഡ് മെറ്റൽ ലോൺ (GML) സ്കീം: കരട് രൂപരേഖ

ആഭരണ നിർമ്മാതാക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് 1998-ൽ ആരംഭിച്ച ഗോൾഡ് മെറ്റൽ ലോൺ പദ്ധതിയുടെ പരിഷ്കരിച്ച കരട് രൂപരേഖ ആർബിഐ പുറത്തിറക്കി. ഗോൾഡ് മോണിറ്റൈസേഷൻ സ്കീമുമായി ബന്ധമുള്ള പദ്ധതിയുടെ പുതുക്കിയ കരട്, കൂടുതൽ സുതാര്യത കൊണ്ടുവരാനും ജ്വല്ലറികൾക്ക് വായ്പ എളുപ്പത്തിൽ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

# സന്ധിവേദന മറികടക്കാൻ..



വേദനകൾ വരാതിരിക്കാനും വേദനകൾക്ക് വീട്ടിൽ തന്നെ ചെയ്യാവുന്നതുമായ ചില പരിഹാര മാർഗങ്ങൾ നമ്മുടെ പൂർവ്വികർ കണ്ടെത്തിയിട്ടുണ്ട്. സന്ധിവേദനകൾക്ക് എന്നും ഗുണം ചെയ്യുക വ്യായാമം ആണ്. നടപ്പ് പോലുള്ള ലഘുവ്യായാമങ്ങൾ ചെയ്യുന്നത് സന്ധിവേദന കുറയാൻ സഹായിക്കും. വ്യായാമം ചെയ്യുമ്പോൾ ക്ഷീണക്കൂടുതൽ തോന്നുന്നുവെങ്കിൽ വ്യായാമം നിർത്തുക.അൽപം ഉപ്പ് ചേർത്ത ചൂടു വെള്ളത്തിൽ ടവ്വൽ മുക്കി പുറത്ത് ചൂടു പിടിക്കാം. ഇങ്ങനെ ചെയ്യുന്നത് പുറം വേദനക്ക് ആശ്വാസം തരും. വേദനയുള്ള ഭാഗത്ത് ഐസോ ചൂടോ പിടിക്കുന്നത് നീർക്കെട്ട് ഉണ്ടാകുന്നതിൽ നിന്നും സംരക്ഷണം നൽകും. ഐസിനേക്കാൾ ഫലപ്രദം ചൂട് ഉപയോഗിക്കുന്നതാണ്.

# ഹൃദയാഘാതമോ?

## ഈ ഭക്ഷണങ്ങൾ ശീലമാക്കൂ



ഭക്ഷണ ശീലങ്ങളിൽ വരുന്ന തെറ്റായ രീതികളാണ് ഹൃദയാഘാതം പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്നത്. പയർവർഗങ്ങളിൽ നിരവധി പ്രോട്ടീനും ഫൈബറും അടങ്ങിയിട്ടുണ്ട്.ഇത് രക്തസമ്മർദ്ദം കുറയ്ക്കാനും അമിത



ഭാരം കുറയ്ക്കാനും സഹായിക്കും. മുഴുധാന്യങ്ങളിലും നിറയെ ഫൈബറും വിറ്റാമിനുകളും മിനറൽസും അടങ്ങിയിട്ടുണ്ട്. ഇത് കൊളസ്ട്രോൾ കുറയ്ക്കാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കും. പൊട്ടാസ്യം കൂടുതൽ അടങ്ങിയ ഭക്ഷണങ്ങളും നല്ലതാണ്. ഇത് ഹൃദയ താളം മെച്ചപ്പെടുത്താൻ സഹായിക്കും വാഴപ്പഴം പൊട്ടാസ്യത്തിന്റെ കലവറയാണ്. വെളുത്തുള്ളി ഒരു ആന്റി ഇൻഫ്ളമേറ്ററി ആണ്. ഇത് ചീത്ത കൊളസ്ട്രോളിനെ ഇല്ലാതാക്കാനും സഹായിക്കും. ഒമേഗ ത്രി ഫാറ്റി ആസിഡുകൾ അടങ്ങിയ ചെറിയ മീനുകളും നട്സും സീഡുകളും കഴിക്കണം.

# മുടിയിൽ കറ്റാർവാഴ ഇങ്ങനെ ഉപയോഗിക്കൂ



ഓരോ ടീസ്പൂൺ കറ്റാർവാഴ ജെല്ല്, തുളസിയില നീര് , പുതിനയിലയുടെ നീര് എന്നിവ യോജിപ്പിച്ച് മുടിയിൽ തേച്ച് പിടിപ്പിക്കുക.15 മിനുട്ട് കഴിഞ്ഞ് ഹെർബൽ ഷാംപൂ ഉപയോഗിച്ച് കഴുകി കളയുക. ആഴ്ചയിൽ രണ്ടോ മൂന്നോ ഈ പാക്ക് ഇടാം. ഇങ്ങനെ ഇടുന്നത് മുടി കരുത്തുള്ളതാക്കാൻ സഹായിക്കുന്നു.കറ്റാർവാഴജെല്ല്, തൈര്, ചെറുനാരങ്ങാനീര് എന്നിവ ചേർത്ത് തലയിൽ പുരട്ടുന്നത് താരൻ അകറ്റാൻ നല്ലതാണ്. തലയോടിലുണ്ടാകുന്ന ചെറിയ കുരുക്കൾ മാറ്റാനും ഊ പാക്ക് നല്ലതാണ്. ചൂടുകാലത്ത് തലയ്ക്ക് തണുപ്പു നൽകാനും കറ്റാർവാഴ ജെല്ല് പുരട്ടാവുന്നതാണ്.

# രക്തക്കുറവിന് പരിഹാരം കാണാം



ശരീരത്തിലെ എല്ലാ അവയവങ്ങളുടെയും ശരിയായ പ്രവർത്തനത്തിന് ഹീമോഗ്ലോബിൻ വളരെ പ്രധാനമാണ്, എന്നാൽ ശരീരത്തിന് ആവശ്യമായ അളവിൽ പ്രോട്ടീനുകളും വിറ്റാമിനുകളും ധാതുക്കളും ലഭിക്കാത്തപ്പോൾ ഹീമോഗ്ലോബിന്റെ കുറവുണ്ടാകും.ഇതൊരു സാധാരണ പ്രശ്നമാണ്. മിക്ക കേസുകളിലും, കുട്ടികളോ മുതിർന്നവരോ പോലും പോഷകാഹാരക്കുറവിന് ഇരകളാകുന്നു. ഗർഭിണികളിൽ ഈ അവസ്ഥ വളരെ ഗുരുതരമായേക്കാം. ശരീരത്തിൽ ഹീമോഗ്ലോബിന്റെ കുറവുണ്ടെങ്കിൽ, രക്തക്കുറവും ആരംഭിക്കുന്നു. അതിനെ വിളർച്ച എന്ന് വിളിക്കുന്നു. സമീകൃതാഹാരം കഴിച്ചാൽ ഹീമോഗ്ലോബിന്റെ അളവ് വർധിപ്പിക്കാൻ കഴിയുമെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു. ഹീമോഗ്ലോബിന്റെ കുറവ് തടയാൻ, ഇരുമ്പ് അടങ്ങിയ ഭക്ഷണങ്ങളും വിറ്റാമിൻ സി അടങ്ങിയ ഭക്ഷണങ്ങളും കൂടുതലായി കഴിക്കുക. ശരീരത്തിൽ രക്തക്കുറവ് പരിഹരിക്കാൻ സഹായിക്കുന്ന ചില മികച്ച ഭക്ഷണസാധനങ്ങൾ ഇതാ. അനീമിയ ഭേദമാക്കാൻ നിങ്ങൾക്ക് പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്ന പച്ചക്കറിയാണ് ബീറ്റ്റൂട്ട്. ഈ പച്ചക്കറി പ്രകൃതിദത്തമായ ഇരുമ്പ് കൊണ്ട് സമ്പുഷ്ടമായതിനാൽ, ഇത് രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. അതിനാൽ, രക്തത്തിലെ ഓക്സിജന്റെ അളവ് ക്രമേണ വർദ്ധിക്കുന്നു. ബീറ്റ്റൂട്ട് കഴിക്കുന്നത് ശരീരത്തിൽ രക്തം വർധിപ്പിക്കാൻ സഹായിക്കുന്നു. വേവിച്ച രൂപത്തിലോ അല്ലെങ്കിൽ സാലഡ് ആയോ നിങ്ങൾക്ക് ബീറ്റ്റൂട്ട് കഴിക്കാം. എന്നാൽ ഏറ്റവും നല്ല വഴി ബീറ്റ്റൂട്ട് ജ്യൂസ് തയ്യാറാക്കി കഴിക്കുന്നതാണ്.വിറ്റാമിൻ സി സ്ഥിരമായി കഴിക്കുന്നത് അക്യൂട്ട് അനീമിയ ബാധിച്ച രോഗികളുടെ അവസ്ഥ മെച്ചപ്പെടുത്തും. വിറ്റാമിൻ സി രക്തത്തെ ഇരുമ്പിന്റെ അളവ് കൂടുതൽ ആഗിരണം ചെയ്യാൻ സഹായിക്കുന്നു. അതിനാൽ ഓറഞ്ച്, നാരങ്ങ, മധുരനാരങ്ങ എന്നിങ്ങനെയുള്ള പഴങ്ങൾ പതിവായി കഴിക്കുന്നത് ശീലമാക്കുക.രക്തത്തിലെ ഫോളിക് ആസിഡിന്റെ കുറവ് മൂലവും അനീമിയ ഉണ്ടാകാം. നിങ്ങൾ പതിവായി ചീര കഴിച്ചാൽ അത്തരം മെഡിക്കൽ സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും. വിറ്റാമിൻ ബി 12, ഫോളിക് ആസിഡ്, മറ്റ് സുപ്രധാന പോഷകങ്ങൾ എന്നിവയുടെ സ്വാഭാവിക ഉറവിടമാണ് ചീര. ഇത് നിങ്ങളുടെ ദൈനംദിന ഭക്ഷണത്തിന്റെ ഭാഗമാക്കിയാൽ നിങ്ങൾക്ക് വളരെ വേഗം അതിന്റെ അനുകൂല ഫലങ്ങൾ കാണാനാകും. ജീവകം എ, സി, ബി9, ഇരുമ്പ്, നാരുകൾ, കാൽസ്യം എന്നിവയാൽ സമ്പന്നമാണ് ചീര. ചീര ഒറ്റത്തവണ കഴിച്ചാൽ ശരീരത്തിൽ ഇരുമ്പിന്റെ അളവ് 20 ശതമാനം വരെ വർദ്ധിക്കും.അവശ്യ പോഷകങ്ങൾ, വിറ്റാമിൻ സി, ഫോളേറ്റ്, പൊട്ടാസ്യം, ഇരുമ്പ് എന്നിവയാൽ സമ്പുഷ്ടമാണ് വാഴപ്പഴം. നിങ്ങളുടെ ശരീരത്തിൽ ചുവന്ന രക്താണുക്കൾ ഉത്പാദിപ്പിക്കാനും ഹീമോഗ്ലോബിൻ മെച്ചപ്പെടുത്താനും ആവശ്യമായ എല്ലാം ഇതിലുണ്ട്. വാഴപ്പഴം കഴിക്കുന്നത് ശരീരത്തിൽ ഇരുമ്പിന്റെ അളവ് ഗണ്യമായി മെച്ചപ്പെടുത്താൻ സഹായിക്കും. ഇത് നിങ്ങളുടെ രക്തത്തിന്റെ അളവ് വർധിപ്പിക്കാനും സഹായിക്കുന്നു.ഉണക്കമുന്തിരിയും ഈന്തപ്പഴവും വിറ്റാമിൻ സിയുടെയും ഇരുമ്പിന്റെയും മികച്ച ഉറവിടമാണ്. വിറ്റാമിൻ സി രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുന്നു, അങ്ങനെ ഇരുമ്പ് കൂടുതൽ കാര്യക്ഷമമായി ആഗിരണം ചെയ്യാൻ നിങ്ങളുടെ ശരീരത്തെ സഹായിക്കുന്നു. അത്തിപ്പഴങ്ങൾ ഇരുമ്പ്, വിറ്റാമിൻ എ, മഗ്നീഷ്യം, ഫോളേറ്റ് എന്നിവയാൽ സമ്പുഷ്ടമാണ്. കുതിർത്ത അത്തിപ്പഴം, ഈന്തപ്പഴം, ഉണക്കമുന്തിരി എന്നിവ ആഴ്ചയിൽ മൂന്ന് തവണയെങ്കിലും രാവിലെ കഴിക്കുന്നത് നിങ്ങളുടെ ഹീമോഗ്ലോബിന്റെ അളവ് മെച്ചപ്പെടുത്തും.അനീമിയ രോഗികൾ എള്ള് കഴിക്കുന്നത് അത്ഭുതങ്ങൾ സൃഷ്ടിക്കും. അവയിൽ കാൽസ്യം, മഗ്നീഷ്യം, ഇരുമ്പ് എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട്. ഇവയെല്ലാം നിങ്ങളുടെ ഇരുമ്പിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. മാത്രമല്ല, എള്ള് കഴിക്കുന്നത് ശരീരത്തിലെ ഇരുമ്പിന്റെ ആഗിരണത്തിനും സഹായിക്കുന്നു. അര ഗ്ലാസ് വെള്ളത്തിൽ എള്ള് കുതിർത്ത് രാത്രി മുഴുവൻ വച്ചിട്ട് പിറ്റേന്ന് രാവിലെ നിങ്ങൾക്ക് കഴിക്കാവുന്നതാണ്.തേങ്ങാവെള്ളം കുടിക്കുന്നത് രക്തം വർദ്ധിപ്പിക്കുകയും ഹീമോഗ്ലോബിൻ വളർത്തുകയും കാഴ്ചശക്തി വർദ്ധിപ്പിക്കുകയും മുടികൊഴിച്ചിൽ പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നു.മാതളനാരങ്ങയുടെ നീര് കഴിച്ചാൽ രക്തം ധാരാളമായി വർദ്ധിക്കും. ശരീരത്തിലെ രക്തചംക്രമണം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പലതരം മൂലകങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്.കശുവണ്ടിയിൽ ധാരാളം പോഷകഗുണങ്ങളുമുണ്ട്. ഇത് നിങ്ങളുടെ ശരീരത്തിൽ രക്തം ഉണ്ടാക്കാൻ സഹായിക്കുന്നു. ശൈത്യകാലത്ത് ഇത് കൂടുതൽ കഴിക്കണം. കശുവണ്ടിയിൽ നിന്ന് ആവശ്യത്തിന് ഇരുമ്പ് നിങ്ങൾക്ക് ലഭിക്കും.ദിവസവും രണ്ട് നേരം തണുത്ത വെള്ളത്തിൽ കുളിക്കുകയും രാവിലെ കുളിച്ചതിന് ശേഷം സൂര്യപ്രകാശം കൊള്ളുകയും ചെയ്യുക. രക്തം വർധിപ്പിക്കുന്നതിനുള്ള എളുപ്പമായ വഴിയാണ് ഇത്.ഒരു ഗ്ലാസ് വെള്ളത്തിൽ നാരങ്ങ പിഴിഞ്ഞ് അതിൽ ഒരു സ്പൂൺ തേൻ ചേർത്ത് ദിവസവും കുടിക്കുന്നത് ശരീരത്തിൽ രക്തം വേഗത്തിൽ വർധിപ്പിക്കാൻ സഹായിക്കുന്നു.തക്കാളി കഴിക്കുന്നത് ശരീരത്തിലെ രക്തത്തിന്റെ അളവ് അതിവേഗം വർദ്ധിപ്പിക്കും. ഇതിനായി ദിവസവും ഒരു ഗ്ലാസ് തക്കാളി ജ്യൂസ് കഴിക്കുക.ഇരുമ്പിന്റെ ഒരു ശക്തികേന്ദ്രമാണ് ശർക്കര. ഇത് ഹീമോഗ്ലോബിന്റെ അളവ് അതിവേഗം വർദ്ധിപ്പിക്കുകയും ചെയ്യും. രാവിലെ ചെറുചൂടുള്ള വെള്ളത്തിൽ ശർക്കര കലർത്തി കഴിക്കുന്നത് ശരീരത്തിൽ രക്തം കൂട്ടാൻ സഹായിക്കും.

വിറ്റാമിൻ സിയുടെ സമ്പന്നമായ ഉറവിടമാണ് ആപ്പിൾ സിഡെർ വിനെഗർ.ഭക്ഷണത്തിന് മുമ്പ് ഇത് കുടിക്കുന്നത് ഇരുമ്പ് ആഗിരണം മെച്ചപ്പെടുത്തും. അനീമിയ പ്രശ്നമുള്ളവർ ആപ്പിൾ സിഡെർ വിനെഗർ കഴിക്കണം. ഇത് ശരീരത്തിലെ രക്തം കൂട്ടാൻ സഹായിക്കും.പഴുത്ത മാമ്പഴത്തിന്റെ പൾപ്പ് പാലും പഞ്ചസാരയും കലർത്തി കഴിക്കുക. ഇങ്ങനെ ചെയ്യുന്നതിലൂടെ ശരീരത്തിലെ രക്തം അതിവേഗം വർദ്ധിക്കുന്നു. ശരീരത്തിലെ രക്തക്കുറവ് മാറാൻ നിലക്കടല ശർക്കര ചേർത്തു ചവച്ച് കഴിക്കാവുന്നതാണ്.

# വണ്ണം കുറയ്ക്കണോ? ഈ പഴങ്ങൾ ഒഴിവാക്കൂ



വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർ ഡയറ്റിൽ നിന്നും ഒഴിവാക്കേണ്ട ചില പഴങ്ങളെ പരിചയപ്പെടാം.നേന്ത്രപ്പഴമാണ് ആദ്യമായി ഈ പട്ടികയിൽ ഉൾപ്പെടുന്നത്. നേന്ത്രപ്പഴത്തിൽ കലോറിയും അമിതമായ പ്രകൃതിദത്ത പഞ്ചസാരയും അടങ്ങിയിട്ടുണ്ട്. ഒരു നേന്ത്രപ്പഴത്തിൽ ഏകദേശം 150 കലോറി ഉണ്ട്, അതായത് ഏകദേശം 37.5 ഗ്രാം കാർബോഹൈഡ്രേറ്റ്. അതിനാൽ, ദിവസവും 2-3 ഏത്തപ്പഴം കഴിക്കുന്നത് ശരീരഭാരം വർധിപ്പിക്കാൻ സാധ്യതയുണ്ട്. ഗ്ലൈസെമിക് ഇൻഡക്സിൽ കുറവായതിനാൽ, മിതമായ അളവിൽ വലപ്പോഴും ഇവ കഴിക്കുന്നത് കൊണ്ട് തെറ്റില്ല.മാമ്പഴം ആണ് രണ്ടാമതായി ഈ പട്ടികയിൽ ഉൾപ്പെടുന്നത്. കലോറിയും അമിതമായി മധുരവും അടങ്ങിയിരിക്കുന്നതിനാൽ ഇവയും ധാരാളമായി കഴിക്കുന്നത് ശരീരഭാരം കുറയ്ക്കാനുള്ള ശ്രമത്തെ വിഫലമാക്കും.അവക്കാഡോ ആണ് അവസാനമായി ഈ പട്ടികയിൽ ഉൾപ്പെടുന്നത്. ഉയർന്ന കലോറിയുള്ള പഴങ്ങളിൽ ഒന്നാണ് അവക്കാഡോ. 100 ഗ്രാം അവക്കാഡോയിൽ ഏകദേശം 160 കലോറി അടങ്ങിയിട്ടുണ്ട്. അതിനാൽ വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർ അവക്കാഡോയും അളവിൽ കൂടുതലായി കഴിക്കേണ്ട.



# കൂർക്കംവലി ഒഴിവാക്കാൻ

നമ്മുടെ അടുത്ത് കിടക്കുന്നവരുടെ കൂർക്കം വലി കാരണം ഒന്ന് സ്വസ്ഥമായി ഉറങ്ങാൻപോലും പലപ്പോഴും നമുക്ക് കഴിയാറില്ല.എന്നാൽ കൂർക്കംവലിക്കുന്നവരാകട്ടെ ഇതൊന്നും അറിയാതെ കൂർക്കംവലിച്ച് സ്വസ്ഥമായി ഉറങ്ങുകയും ചെയ്യും. കൂർക്കം വലിയ്ക്ക് പല കാരണങ്ങളാണ്. ഉറക്കത്തിൽ ശ്വസനപ്രക്രിയ നടക്കുമ്പോൾ എന്തെങ്കിലും തടസങ്ങളുണ്ടായാലാണ് പ്രധാനമായും കൂർക്കം വലിയ്ക്ക് ഇടയാക്കാറ്. സുഖകരമല്ലാത്ത ഉറക്കത്തിന്റെ ലക്ഷണം തന്നെയാണ് കൂർക്കം വലി. സൈനസ് പ്രശ്നങ്ങൾ, പ്രായം, ശരീര ഭാരം, ആരോഗ്യസ്ഥിതി, എന്നിവയെല്ലാം കൂർക്കംവലിക്ക് കാരണമാകാറുണ്ട്. കുർക്കംവലി മാറ്റിയെടുക്കാൻ സാധിക്കും. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി വ്യായാമം കൃത്യമായി ചെയ്യുക. ഇതു ശരീരഭാരം കുറയ്ക്കാൻ സഹായിക്കും. കഴുത്തിലെ പേശികൾക്ക് ആയാസം കിട്ടുംവിധം പതിവായി വ്യായാമം ചെയ്യുക. ഇത് കൂർക്കംവലി തടയാൻ സഹായിക്കും.ശരീര ഭാരം കുറയ്ക്കുന്നത് കൂർക്കം വലി തടയാൻ സഹായിക്കും. വണ്ണം കൂടുന്നത്, പ്രത്യേകിച്ചും കഴുത്തിനു ചുറ്റും വണ്ണം വയ്ക്കുന്നത് ചിലപ്പോൾ കൂർക്കം വലിക്ക് കാരണമാകും. അതിനാൽ ശരീര ഭാരം കുറയ്ക്കാൻ ശ്രമിക്കുക. രാത്രി ഭക്ഷണം ഏറെ പ്രധാനമാണ്. അത് കഴിയ്ക്കുന്ന സമയവും, എത്രമാത്രം കഴിയ്ക്കുന്നുവെന്നതും പ്രധാനമാണ്. രാത്രിയിൽ ഉറങ്ങുന്നതിന് രണ്ടു മണിക്കൂർ മുൻപ് ആഹാരം കഴിക്കണം. ഹെവി ഫുഡ് കഴിച്ച ശേഷം ഉറങ്ങുമ്പോൾ ചിലപ്പോൾ കൂർക്കംവലി ഉണ്ടാകാം.ഉറങ്ങുന്നതിനു മുൻപ് അമിതമായി മദ്യപിക്കുന്നത് കൂർക്കംവലിക്കു കാരണമാകുന്നുണ്ട്. മദ്യം തൊണ്ടയിലെ മസിലുകളെ അയയ്ക്കുകയും ഉറക്കം കൂട്ടുകയും ചെയ്യും.

# വെള്ളം കുടി അമിതമാകരുത്

ഒരു ദിവസം ചുരുങ്ങിയത് രണ്ട് ലിറ്റർ എങ്കിലും വെള്ളം കുടിക്കണമെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. അതേസമയം തോന്നിയ പോലെ വെള്ളം കുടിക്കുന്നത് അത്ര നല്ല കാര്യമല്ല. ഒറ്റയടിക്ക് ധാരാളം വെള്ളം കുടിക്കുന്ന ശീലം പലർക്കും



ഉണ്ട്. ഈ വെള്ളം കുടി കൊണ്ട് നിങ്ങളുടെ ശരീരത്തിനു യാതൊരു ഗുണവും ലഭിക്കുന്നില്ല.കൃത്യമായ ഇടവേളകളിൽ ആയിരിക്കണം വെള്ളം കുടിക്കേണ്ടത്. അപ്പോഴും ഒരു ലിറ്റർ വെള്ളമൊക്കെ തുടർച്ചയായി കുടിക്കുന്നത് ആരോഗ്യത്തിനു ദോഷം ചെയ്യും. അമിതമായ അളവിൽ വെള്ളം അകത്തേക്ക് എത്തുന്നത് കിഡ്നിയുടെ ജോലിഭാരം വർധിപ്പിക്കും. അതുകൊണ്ട് കൃത്യമായ ഇടവേളകളിൽ ഒന്നോ രണ്ടോ ഗ്ലാസ് വീതം വെള്ളം കുടിക്കുന്നതാണ് ശരീരത്തിനു ഏറ്റവും നല്ലത്.വെള്ളം കുടിക്കുന്നത് അമിതമായാൽ, അത് ശരീരത്തിലെ ഇലക്ട്രോലൈറ്റുകളുടെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്നു. പൊട്ടാസ്യം, സോഡിയം, മഗ്നീഷ്യം തുടങ്ങിയ ഇലക്ട്രോലൈറ്റുകൾ കിഡ്നി തൊട്ട് ഹൃദയം വരെയുള്ള എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുവാൻ സഹായിക്കുന്നു. നിങ്ങൾ പരിധിയിൽ കൂടുതൽ വെള്ളം കുടിക്കുകയാണെങ്കിൽ, ശരീരത്തെ നല്ല നിലയിൽ പ്രവർത്തിക്കുവാൻ സഹായിക്കുന്ന ഈ ഇലക്ട്രോലൈറ്റുകൾ രക്തത്തിൽ നിന്ന് ഇല്ലാതാക്കുവാൻ തുടങ്ങും.

# ഇത് കുട്ടികളിലെ നാഡീ സംബന്ധ പ്രശ്നങ്ങൾ അകറ്റും

മുലപ്പാലിൽ അടങ്ങിയിട്ടുള്ള ഒരു ഘടകം കുട്ടികളുടെ ചലനശേഷിയെ ബാധിക്കുന്ന സെറിബ്രൽ പാൾസി പോലുള്ള നാഡീസംബന്ധമായ പ്രശ്നങ്ങൾ അകറ്റുമെന്ന് പഠനം.തലച്ചോറിലെ വെളുത്ത ദ്രവ്യത്തിന്റെ കുറവ് നാഡീസംബന്ധമായ പ്രശ്നങ്ങൾക്ക് കാരണമാകും എന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും നവജാതശിശുക്കളിൽ ഇതിന്റെ പരണിതഫലം തടയാൻ നിലവിൽ മരുന്നുകളൊന്നും ലഭ്യമല്ല. എന്നാൽ, എലികളിൽ നടത്തിയ പുതിയ പഠനത്തിൽ മുലപ്പാലിലെ ഒരു ഫാറ്റി മോളിക്യൂൾ തലച്ചോറിലെ കോശങ്ങളെ ഉത്തേജിപ്പിച്ച് പുതിയ വെളുത്ത ദ്രവ്യം നിർമ്മിക്കുമെന്ന് കണ്ടെത്തിയിരിക്കുകയാണ്.മുലപ്പാലിലുള്ള ലിപിഡ് മോളിക്യൂൾ തലച്ചോറിൽ പ്രവേശിച്ച് കോശങ്ങളുമായി ബന്ധിക്കും. ഇത് ഒലിഗോഡെന്ഡ്രോസൈറ്റ്സ് എന്ന ഒരുതരം കോശമായി മാറും. ഒലിഗോഡെന്ഡ്രോസൈറ്റ്സ് നാഡീവ്യൂഹത്തിൽ വെളുത്ത ദ്രവ്യത്തിന്റെ ഉത്പാദനം അനുവദിക്കുന്ന ഒരു കേന്ദ്രം പോലെയാണ് പ്രവർത്തിക്കുക. ഇത് മാസം തികയാതെ പ്രസവിക്കുന്ന കുഞ്ഞുങ്ങളിൽ ചലനശേഷിയെ ബാധിക്കുന്ന സെറിബ്രൽ പാൾസി പോലുള്ള നാഡീസംബന്ധമായ പ്രശ്നങ്ങൾ അകറ്റും. കുട്ടികളുടെ മസ്തിഷ്ക വികാസത്തിൽ മുലപ്പാൽ വലിയ പങ്കുവഹിക്കുന്നുണ്ടെന്ന കാര്യം ഉറപ്പാണ്. പക്ഷെ, മുലപ്പാലിൽ പല തരത്തിലുള്ള കൊഴുപ്പുകളുണ്ട്. എന്നാൽ ഇതിൽ ഒരു ലിപിഡ് മോളിക്യൂൾ ആണ് വെളുത്ത ദ്രവ്യത്തിന്റെ ഉത്പാദനത്തെ സഹായിക്കുന്നത്. ഈ ലിപിഡ് മോളിക്യൂൾ ഏതാണെന്ന് കണ്ടെത്താനുള്ള തെറാപ്പികളാണ് ഇനി തുടങ്ങേണ്ടതെന്ന് പഠനം നടത്തിയ ഡ്യൂക്ക് സർവകലാശാലയിലെ ഗവേഷകർ പറഞ്ഞു.

# ചെങ്കണ്ണിനെ ചെറുക്കാൻ ഈ ആഹാരങ്ങൾ

ന്യൂഡെൽഹി: ബാക്റ്റീരിയ, വൈറസുകൾ, മറ്റ് സൂക്ഷ്മാണുക്കൾ എന്നിവയുടെ വളർച്ചയ്ക്ക് അനുകൂലമായ കാലാവസ്ഥ തുടർന്ന് കൊണ്ടിരിക്കുകയാണ്.പഞ്ചാബ്, ഡെൽഹി, തെലങ്കാന എന്നിങ്ങനെ രാജ്യത്തുടനീളം ചെങ്കണ്ണ് പടർന്നു കൊണ്ടിരിക്കുകയാണ്. ചെങ്കണ്ണ് കണ്ണിന് വളരെ അസ്വസ്ഥത ഉണ്ടാക്കുന്ന ഒന്നാണ്. ചെങ്കണ്ണ് മാറുന്നത് വരെ ഈ അസ്വസ്ഥത നീണ്ടുനിൽക്കും. കണ്ണിന് ചുവപ്പ്, ചൊറിച്ചിൽ, ഒട്ടിപ്പിടിക്കൽ എന്നിവയാണ് ഇതിന്റെ ലക്ഷണങ്ങൾ.കണ്ണിന്റെ ഏറ്റവും പുറമേയുള്ള നേർത്ത വെളുത്ത ഭാഗമാണ് കൺജങ്ക്ടൈവ. ഇതിനുണ്ടാകുന്ന അണുബാധയും നീർക്കെട്ടുമാണ് ചെങ്കണ്ണ്. ബാധിച്ചാൽ കണ്ണിന് ഭാരമുള്ളതായും ചുവപ്പും ചൂടും വെളിച്ചത്തിലേക്ക് നോക്കാൻ കഴിയാത്തതായും തോന്നുന്നു. വൈറസും ബാക്ടീരിയയും മൂലം ചെങ്കണ്ണ് ഉണ്ടാകാറുണ്ട്. എന്നാൽ പൊതുവേ വൈറസ് മൂലമാണ് ഈ രോഗം കൂടുതലും ഉണ്ടാകുന്നത്. തരം അനുസരിച്ച് ഇവയുടെ ലക്ഷണങ്ങൾ അല്പം വ്യത്യാസപ്പെടുന്നു. ബാക്ടീരിയ മൂലമുള്ള ചെങ്കണ്ണിന്റെ കാര്യത്തിൽ, മഞ്ഞയോ പച്ചയോ ഒട്ടിപ്പിടിക്കുന്ന സ്രവങ്ങൾ കാണപ്പെടുന്നു, അതേസമയം വൈറസ് മൂലമാണെങ്കിൽ കണ്ണിൽ നിന്ന് വെള്ളമൊഴുകുന്നു.രോഗമുള്ള കണ്ണിൽ തൊട്ട കൈ ഉപയോഗിച്ച് രോഗമില്ലാത്ത കണ്ണിൽ തൊടുമ്പോൾ രോഗം പകരും. ഇതുമാത്രമല്ല, രോഗമുള്ള വ്യക്തി ഉപയോഗിക്കുന്ന വസ്തുക്കളിലെല്ലാം തന്നെ അണുക്കളുടെ സാന്നിധ്യമുണ്ടായിരിക്കും. അതിനാൽ ഈ വസ്തുക്കൾ മറ്റൊരാൾ ഉപയോഗിക്കുമ്പോൾ അവരിലേക്കും രോഗം പകരും. കണ്ണുകളെ നന്നായി പരിപാലിക്കുന്നതിലൂടെയും നിങ്ങളുടെ ഭക്ഷണത്തിൽ ശരിയായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെയും കണ്ണിന് വ്യായാമം ചെയ്യുന്നതിലൂടെയും ചെങ്കണ്ണ് തടയാം. നിങ്ങളുടെ ഭക്ഷണത്തിലെ പോഷകങ്ങൾ കണ്ണിനുണ്ടാകുന്ന പ്രശ്നങ്ങൾ കുറയ്ക്കുകയും അവ അണുബാധയിൽ നിന്ന് തടയുകയും ചെയ്യും.ചീര, കാബജ്, പാർസ്ലി എന്നിവ കണ്ണുകളെ സംരക്ഷിക്കുന്ന ആന്റിഓക്സിഡന്റായ ല്യൂട്ടിൻ, സീയാക്സാന്തിൻ എന്നിവയുടെ നല്ല ഉറവിടങ്ങളാണ്. കാരറ്റ്, മധുരക്കിഴങ്ങ്, അത്തിപ്പഴം, പപ്പായ, മത്തങ്ങ എന്നിവ ബീറ്റാ കരോട്ടിന്റെ നല്ല ഉറവിടങ്ങളാണ്, ഇത് വിറ്റാമിൻ എയുടെ ഒരു രൂപമാണ്, ഇത് കണ്ണുകളുടെ സാധാരണ പ്രവർത്തനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു ഇവയെല്ലാം വിറ്റാമിൻ സിയുടെ നല്ല സ്രോതസുകളാണ്, രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും അണുബാധയെ ചെറുക്കുന്നതിനും ആവശ്യമായ ആന്റിഓക്സിഡന്റാണ് ഇത് കണ്ണിനുള്ള സമ്പൂർണ ഭക്ഷണമാണ്. പ്രോട്ടീൻ, സിങ്ക്, ആന്റിഓക്സിഡന്റുകൾ എന്നിവയുടെ നല്ല ഉറവിടമായതിനാൽ അവ എല്ലാ അണുബാധയിൽ നിന്നും കണ്ണുകളെ സംരക്ഷിക്കുന്നു.ഈ എണ്ണമയമുള്ള മത്സ്യങ്ങൾ ഒമേഗ 3 ഫാറ്റി ആസിഡുകളുടെ സമ്പന്നമായ ഉറവിടങ്ങളാണ്, ഇത് വീക്കം കുറയ്ക്കാനും നല്ല കണ്ണുകളുടെ ആരോഗ്യത്തെ പിന്തുണയ്ക്കാനും സഹായിക്കും.ഫ്രീ റാഡിക്കലുകളിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കുന്ന വൈറ്റമിൻ ഇയുടെ നല്ല ഉറവിടങ്ങളാണ് ഈ ചെറിയ ഭക്ഷണങ്ങൾ. ബദാം, വാൽനട്ട്, ഫ്ളാക്സ് സീഡുകൾ, സൂര്യകാന്തി വിത്തുകൾ, ഹാസൽനട്ട് എന്നിവ കഴിക്കുക.വർണാഭമായ പഴങ്ങളും പച്ചക്കറികളും ചേർക്കുന്നതും സമീകൃതാഹാരം കഴിക്കുന്നതും അണുബാധയ്ക്കെതിരായ ഒരു സംരക്ഷണ സംവിധാനമായി പ്രവർത്തിക്കുന്നു.

# ഒലീവ് ഓയിലിന്റെ ആരോഗ്യഗുണങ്ങൾ

നമ്മളിൽ പലരും ഒലീവ് ഓയിൽ ഉപയോഗിക്കാറുണ്ടെങ്കിലും അതിന്റെ ചില ആരോഗ്യ ഗുണങ്ങളെ കുറിച്ച് പലർക്കും അറിയില്ല .അതിൽ അടങ്ങിയിരിക്കുന്ന ആന്റി ഓക്സിഡന്റുകൾ ശരീരത്തിൽ ഉണ്ടാകാവുന്ന പല അപകടകരമായ രാസപദാർത്ഥങ്ങൾക്കെതിരെ പ്രവർത്തിക്കുന്നു. പല ജീവിതശൈലി രോഗങ്ങളെയും ചെറുക്കാൻ ഈ ആന്റി ഓക്സിഡന്റുകൾ സഹായിക്കുകയും ചെയ്യുന്നു.രക്തം കട്ടപിടിക്കുകയോ രക്തസ്രാവം മൂലമോ തലച്ചോറിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നതാണ് സ്ട്രോക്ക് ഉണ്ടാകുന്നതിന് കാരണം. ഒലീവ് ഓയിൽ കഴിക്കുന്നവർക്ക് സ്ട്രോക്ക് വരാനുള്ള സാധ്യത വളരെ കുറവാണെന്ന് പഠനങ്ങൾ പറയുന്നു.



ആരോഗ്യകരമായ മോണോസാച്ചുറേറ്റഡ് കൊഴുപ്പുകളും ആന്റിഓക്സിഡന്റുകളും ഇതിലുണ്ട്. മോണോസാച്ചുറേറ്റഡ് കൊഴുപ്പ് ഒലിവ് ഓയിലിൽ ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ ക്യാൻസർ, ഹൃദ്രോഗം, ടൈപ്പ് 2 ഡയബറ്റിസ്, അൽഷിമേഴ്സ്, ആർത്രൈറ്റിസ്, പൊണ്ണത്തടി തുടങ്ങിയ രോഗസാധ്യത കുറയ്ക്കുന്നു.തലച്ചോറിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും നല്ലതാണ് ഒലീവ് ഓയിൽ. വാർധക്യത്തോടനുബന്ധിച്ച് സംഭവിച്ചേക്കാവുന്ന ഓർമ്മപ്പിശക് പോലുള്ള അവസ്ഥകളെ ഒരു പരിധി വരെ തരണം ചെയ്യാൻ ഒലിവ് ഓയിലിന് സാധിക്കും. ഇതിലെ മോണോസാച്ചുറേറ്റഡ് ഫാറ്റ് ഇൻസുലിൻ സന്തുലിതമാക്കാൻ സഹായിക്കുന്നത് വഴി ടൈപ്പ് 2 പ്രമേഹ സാധ്യത കുറയ്ക്കുന്നു.ചർമ്മത്തിനും ഏറെ നല്ലതാണ് ഒലീവ് ഓയിൽ. ഇതിൽ വൈറ്റമിൻ ഇ, ആൻറി ഓക്സിഡൻറുകൾ, സ്ക്വാലീൻ, ഒലിയോകാന്തൽ തുടങ്ങിയ സംയുക്തങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് പ്രായമാകുന്നത് തടയുകയും ചർമ്മത്തിന്റെ കേടുപാടുകൾ പരിഹരിക്കുകയും ചെയ്യും. ഒലിവ് ഓയിൽ നോൺ-ടോക്സിക്, ആന്റി മൈക്രോബയൽ, ഹൈപ്പോഅലോർജെനിക് എന്നിവയാണ്. ഒലീവ് ഓയിലിൽ ഹാനികരമായ ബാക്ടീരിയകളെ തടയാനോ നശിപ്പിക്കാനോ കഴിയുന്ന ധാരാളം പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. അതിലൊന്നാണ് ഹെലിക്കോബാക്റ്റർ പൈലോറി. വയറ്റിൽ വസിക്കുന്ന ഒരു ബാക്ടീരിയ, ഇത് വയറ്റിലെ അൾസറിനും ആമാശയ ക്യാൻസറിനും കാരണമാകും. ഇത് ഹെലിക്കോബാക്റ്ററിനെതിരെ പ്രത്യേകിച്ച് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എല്ലുകളുടെ ആരോഗ്യത്തിന് ഗുണം ചെയ്യുന്നത് വഴി ഓസ്റ്റിയോപെറോസിസ് സാധ്യത കുറയ്ക്കാൻ ഇതിന് കഴിവുണ്ടെന്ന് പറയപ്പെടുന്നു.

# എന്താണ് ലൈം ഡിസീസ്?

മാൻ ചെള്ളിൽ നിന്ന് പകരുന്ന ഒരു രോഗമാണിത്. ബൊറീലിയ ജനുസ്സിൽ പെട്ട മൂന്ന് ബാക്ടീരിയകളാണ് മനുഷ്യരിൽ ഈ അസുഖം ഉണ്ടാക്കുന്നത്.ഇന്ത്യയിൽ വളരെ അപൂർവമായി മാത്രമേ ഈ രോഗത്തെക്കുറിച്ച് കേട്ടിട്ടുള്ളെങ്കിലും സംവിധായകൻ ടി കെ രാജീവ് കുമാർ വർഷങ്ങളോളം ഈ രോഗവുമായി മല്ലിട്ടതിനെക്കുറിച്ച് ഒരിക്കൽ വെളിപ്പെടുത്തിയിട്ടുണ്ട്.വിദേശയാത്രയ്ക്കിടെ നിസ്സാരമെന്നു തോന്നിയ ഒരു പ്രാണിയിൽ നിന്നേറ്റ ആക്രമണം ജീവിതത്തിനു തന്നെ ഭീഷണിയായെന്നാണ് രാജീവ് അന്ന് പങ്കുവച്ചത്. മൂന്നാഴ്ച കൂടുമ്പോൾ എന്തെങ്കിലും അണുബാധ വരും, ഒപ്പം പനിയും. ഓരോ തവണയും ആശുപത്രിയിൽ പോയി ചികിത്സ തേടും. ആദ്യത്തെ രണ്ടു വർഷത്തോളം യഥാർത്ഥ കാരണം എന്താണെന്ന് തിരിച്ചറിയാൻ പറ്റിയില്ല, രാജീവ് പറഞ്ഞു.പനി, ഛർദി തുടങ്ങിയവയാണ് പ്രധാന രോഗ ലക്ഷണങ്ങൾ. ശരീരത്തിൽ കാണപ്പെടുന്ന ചുവന്ന പാടുകൾ ആണ് ലൈം ഡിസീസിന്റെ ആദ്യ ലക്ഷണം. രോഗാണു ശരീരത്തിൽ പ്രവേശിച്ച് ഒന്നോ രണ്ടോ ആഴ്ചകൾക്കുള്ളിൽ രോഗലക്ഷണങ്ങൾ കാണപ്പെടും. എന്നാൽ, രോഗം ബാധിക്കുന്ന പല രോഗികളിലും ലക്ഷണങ്ങളൊന്നും പ്രകടമാകുകയില്ല.പെട്ടെന്നുള്ള വേദന, തരിപ്പ്, അസ്വസ്ഥത തുടങ്ങിയ പോളിന്യൂറൊപതി രോഗലക്ഷണങ്ങൾ കാണാറുണ്ട്. ഓർമ്മക്കുറവ്, വിഷാദം, ശ്രദ്ധക്കുറവ് എന്നിവയും ഉണ്ടാകാം. ചികിത്സ ഫലവത്തായില്ലെങ്കിൽ രോഗം ബാധിച്ച് മാസങ്ങൾക്കു ശേഷം ശരീരത്തിലെ പ്രധാന അവയവങ്ങൾക്ക് കേടു സംഭവിച്ചേക്കാം.

# ശുഭ്മാൻ ഗിൽ ഇന്ത്യയുടെ ഏകദിന ടീമിന്റെയും നായകൻ

**രോഹിതും കൊഹ്‌ലിയും ടീമിൽ**
**ശ്രേയസ് അയ്യർ വൈസ് ക്യാപ്ടൻ**



**മുംബയ്:** ഓസ്ട്രേലിയക്കെതിരായ ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിന്റെ ക്യാപ്ടനായി ശുഭ്മാൻ ഗില്ലിനെ നിയമിച്ചു. രോഹിത് ശർമ്മയ്ക്ക് പകരക്കാരനായി ടെസ്റ്റിന് പിന്നാലെ ഏകദിനത്തിലും ശുഭ്മാൻ ഗില്ലിന് ബി.സി സി.ഐ നായകസ്ഥാനം കൈമാറിയതോടെ ഇന്ത്യൻ ക്രിക്കൽ ഇനി ഗിൽ യുഗമായിരിക്കുമെന്നാണ് വിലയിരുത്തൽ. 2027 ലെ ഏകദിന ലോകകപ്പ് മുന്നിൽ ക്കണ്ടാണ് ടീം പ്രഖ്യാപനമെന്നാണ് സെലക്ടർമാരുടെ പക്ഷം. ക്യാപ്ടൻ സ്ഥാനം മാറുന്നത് സംബന്ധിച്ച് രോഹിതുമായി ചർച്ച നടത്തിയതിന് ശേഷമാണ് തീരുമാനമെടുത്തതെന്ന് ചീഫ് സെലക്ടർ അജിത് അഗാർക്കർ അറിയിച്ചു. അതേസമയം രോഹിതിനേയും കൊഹ്‌ലിയേയും 15അംഗ ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്വന്റി-20യിൽ നിന്നും ഏകദിനങ്ങളിൽ നിന്നും നേരത്തേ തന്നെ വിരമിച്ച ഇരുവരും നിലവിൽ ഏകദിനത്തിൽ മാത്രമാണ് കളിക്കുന്നത്. ഇന്ത്യചാമ്പ്യൻമാരായ ചാമ്പ്യൻസ് ട്രോഫിയിലാണ് ഇരുവരും അവസാനമായി ദേശീയ ജേഴ്സി അണിഞ്ഞത്. ഇന്ത്യയുടെ ഓസ്ട്രേലിയൻ പര്യനത്തിലെ 19ന് തുടങ്ങുന്ന ഏകദിന പരമ്പരയോടെ ഇരുവരും രാജ്യാന്തര ക്രിക്കറ്റിൽ നിന്നും പൂർണമായി വിരമിക്കുമോയെന്നാണ് ആരാധകർ ഉറ്റു നോക്കുന്നത്. ശ്രേയസ് അയ്യരാണ് ഏകദിന ടീമിന്റെ വൈസ് ക്യാപ്ടൻ. മലയാളിതാരം സഞ്ജു സാംസൺ ഏകദിന ടീമിൽ ഇടം നേടിയേക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും പരിഗണിച്ചില്ല. എന്നാൽ ട്വന്റി-20 ടീമിൽ സഞ്ജുവുണ്ട്. കെ.എൽ രാഹുലും ധ്രുവ് ജുറേലുമാണ് വിക്കറ്റ് കീപ്പർമാർ.ബുംറയ്ക്ക് ഏകദിനത്തിൽ വിശ്രമം അനുവദിച്ചു. ട്വന്റി-20യിൽ കളിക്കും. പേസർ മുഹമ്മദ് സിറാജ് ഏകദിന ടീമിൽ തിരിച്ചെത്തി. ഇന്ത്യയുടെ ഓസീസ് പര്യടനത്തിൽ 3 ഏകദിനങ്ങളും 5 ട്വന്റി-20 മത്സരങ്ങളുമാണുള്ളത്. ഈമാസം 19,23,25 തീയതികളിലാണ് ഏകദിനം.

**ട്വന്റി-20യിൽ സൂര്യ തന്നെ**
**സൂര്യകുമാർ യാദവ് നയിക്കുന്ന ട്വന്റി-20 ടീമിൽ നിതീഷ് കുമാർ റെഡ്ഡി തിരിച്ചെത്തി.**

**ഓസ്ട്രേലിയൻ പര്യടനത്തിനുള്ള ഇന്ത്യൻ ടീം**

ഏകദിനം: ഗിൽ (ക്യാപ്ടൻ), രോഹിത്, വിരാട്, ശ്രേയസ് (വൈസ് ക്യാപ്ടൻ), അക്ഷർ , കെ.എൽ. രാഹുൽ,? ധ്രുവ് ജുറേൽ (വിക്കറ്റ് കീപ്പർമാർ), നിതീഷ് , സുന്ദർ, കുൽദീപ , ഹർഷിത് റാണ, സിറാജ്, അർഷ്ദീപ്, പ്രസിദ്ധ് യശസ്വി.

ട്വന്റി-20 സൂര്യകുമാർ (ക്യാപ്ടൻ), അഭിഷേക് ശർമ, ശുഭ്മൻ ഗിൽ (വൈസ് ക്യാപ്ടൻ), തിലക് , നിതീഷ്, ശിവം ദുബെ, അക്ഷർ പട്ടേൽ, ജിതേഷ് ശർമ (വിക്കറ്റ് കീപ്പർ), വരുൺ, ബുംറ, അർഷ്ദീപ്, കുൽദീപ്, ഹർഷിത്, സഞ്ജു (വിക്കറ്റ് കീപ്പർ), റിങ്കു, സുന്ദർ.

# ക്യാപ്ടൻ സൂപ്പർ ഹിറ്റ് മാൻ



**അഹമ്മദാബാദ്:** ഇന്ത്യയെ ചാമ്പ്യൻസ് ട്രോഫി ചാമ്പ്യൻമാരാക്കിയതിന് പിന്നാലെയാണ് രോഹിത് ശർമ്മ ഏകദിന ടീമിന്റെ ക്യാപ്ടൻ സ്ഥാനത്ത് നിന്ന് പടിയിറങ്ങുന്നത്. ടെസ്റ്റിൽ നിന്നും ട്വന്റി-20യിൽ നിന്നും നേരത്തേ തന്നെ രോഹിത് വിരമിച്ചിരുന്നു. ഇന്ത്യയെ രണ്ട് ഐ.സി.സി കിരീടങ്ങൾ സമ്മാനിച്ച ക്യാപ്ടനെന്ന ചാരിതാർത്ഥ്യത്തോടെയാണ് രോഹിത് നായകന്റെ കുപ്പായം അഴിക്കുന്നത്. ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ ഐ.സി.സി ട്രോഫി നേടിയ ക്യാപ്ടൻമാരിൽ എം.എസ് ധോണിക്ക് (3)? തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്ത് രോഹിതുണ്ട്.2023ലെ ഏകദിന ലോകകപ്പിൽ ഇന്ത്യയെ ഫൈനലിലെത്തിക്കാനും രോഹിതിനായി.

**രോഹിതിനെ മാറ്റിയതിന് കാരണം**

രോഹിതിനെ ഏകദിന ടീമിന്റെ ക്യാപ്ടൻ സ്ഥാനത്ത് നിന്ന് നീക്കുന്നത് സംബന്ധിച്ച് ചീഫ്സെലക്ടർ പറഞ്ഞത്.

മൂന്നു ഫോർമാറ്റിലും മൂന്ന് വ്യത്യസ്ത ക്യാപ്ടൻമാർ വരുന്നത് അപ്രായോഗ്യമാണ്. സെലക്ടർമാർക്ക് മാത്രമല്ല, കോച്ചിനും ഇത് വെല്ലുവിളിയാണ്. രണ്ടാമത് അടുത്ത ലോകകപ്പിനെ കുറിച്ചും ചിന്തിച്ചു തുടങ്ങണം, രോഹിതിനെ ക്യാപ്ടൻ സ്ഥാനത്ത് നിന്ന് മാറ്റുകയെന്നത് വളരെ ബുദ്ധിമുട്ടേറിയ തീരുമാനമായിരുന്നു. എന്നാൽ നമ്മൾ ഭാവിയെപറ്റിയും ചിന്തിക്കേണ്ടതുണ്ട്. രോഹിത് 2027ലെ ലോകകപ്പിൽ കളിക്കുമോയെന്ന ചോദ്യത്തിന് അഗാർക്കർ കൃത്യമായ ഉത്തരം നൽകിയില്ല.

ഇന്ത്യയും വെസ്റ്റിൻഡീസും തമ്മിലുള്ള ഒന്നാം ടെസ്റ്റിന് വേദിയായ അഹമ്മദാബാദിൽ ഇന്നലെയാണ് ടീമിനെ പ്രഖ്യാപിച്ചത്.

2021ലാണ് രോഹിത് ഇന്ത്യൻ ഏകദിന ടീമിന്റെ ക്യാപ്ടനാകുന്നത്.56 ഏകദിനങ്ങളിൽ ഇന്ത്യയെ നയിച്ചു. 42 മത്സരങ്ങളിലും വിജയം സ്വന്തമാക്കി. 12 എണ്ണത്തിൽ തോൽവി. ഒരു ടൈ. ഒരു മത്സരം ഉപേക്ഷിച്ചു.

2018ൽ സ്റ്റാൻഡ് ഇൻ ക്യാപ്ടനായും 2023 ൽ ഫുൾടൈം ക്യാപ്ടനായും ഏഷ്യാകപ്പ് വിജയിച്ചു.

# കൂറ്റൻ ഇന്നിംഗ്സ് ജയം സ്വന്തമാക്കി ഇന്ത്യ




**അഹമ്മദാബാദ്:** വെസ്റ്റിൻഡീസിനെതിരായ ഒന്നാം ടെസ്റ്റിൽ കളിയവസാനിക്കാൻ രണ്ടര ദിവസം കൂടി ബാക്കി നിൽക്കെ കൂറ്റൻ ഇന്നിംഗ്സ് ജയം സ്വന്തമാക്കി ഇന്ത്യ. ഇന്നിംഗ്സിനും 140 റൺസിനുമാണ് ഇന്ത്യ അഹമ്മദാബാദിൽ വിജയം കുറിച്ചത്. ജയത്തോടെ രണ്ട് മത്സരങ്ങൾ ഉൾപ്പെട്ട പരമ്പരയിൽ ഇന്ത്യ 1-0ത്തിന് മുന്നിലെത്തി. അഹമ്മദാബാദിൽ മൂന്നാം ദിനമായ ഇന്നലെ ഇന്ത്യ ഉയർത്തിയ 286 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡിനെതിരെ ഇന്നിംഗ്സ് തോൽവി ഒഴിവാക്കാൻ പൊരുതിയവിൻഡീസ് രണ്ടാം ഇന്നിംഗ്സിൽ 146 റൺസിന് ഓൾഔട്ടാവുകയായിരുന്നു, സ്കോർ: ഇന്ത്യ 448/5 ഡിക്ലയേർഡ്, വെസ്റ്റിൻഡീസ് 162/10,146/10. മൂന്നാം ദിനമായ ഇന്നലെ രണ്ടാം ഇന്നിംഗ്സിനിറങ്ങിയ വിൻഡീസ് ബാറ്റർമാരിൽ 18 റൺസെടുത്ത അലിക് അതാൻസയാണ് ടോപ് സ്കോററായത്. ജസ്റ്റിൻ ഗ്രീവ്സ് (25), ലാസ്റ്റ്മാൻ ജെയ്ഡൻ സീൽസും (12 പന്തിൽ 22) ഭേദപ്പട്ട പ്രകടനം നടത്തി. ക്യാപ്ടൻ റോസ്റ്റൺ ചേസ് (1) , ഷായ് ഹോപ്പ് (1), ബ്രണ്ടൻ കിംഗ് (5), ജോൺ കാംപെൽ (14), ടാഗ്നരെയ്ൻ ചന്ദർപോൾ (8) എന്നിവരെല്ലാം നിരാശപ്പെടുത്തി. ഇന്ത്യയ്ക്കായി രവീന്ദ്ര ജഡേജ നാലും സിറാജ് മൂന്നും കുൽദീപ രണ്ടും സുന്ദർ ഒരു വിക്കറ്റും വീഴ്ത്തി. ഒരു ഘട്ടത്തിൽ 46/5 എന്ന നിലയിലായിരുന്ന വിൻഡീസിനെ ആറാം വിക്കറ്റിൽ 46 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കിയ അതാൻസയും ഗ്രീവ്സുമാണ് വൻ നാണക്കേടിൽ നിന്ന് രക്ഷിച്ചത്. ടാഗ്നരെയ്നെ പുറത്താക്കി സിറാജാണ് വിൻഡിസിന്റെ തകർച്ചയ്ക്ക് തുടക്കമിട്ടത്. ടാഗ്നരെയ്നെ പുറത്താക്കാൻ സ്ക്വയർ ലെഗ്ഗിൽ ഇടത്തോട്ട് പറന്ന് നിതീഷ് കുമാർ റെഡ്ഡി എടുത്ത ക്യാച്ച് ലോകോത്തരമായിരുന്നു. പരമ്പരയിലെ രണ്ടാം ടെസ്റ്റ് പത്തിന് തുടങ്ങും.

**കളിയിലെ കാര്യങ്ങൾ**

3- അഹമ്മദാബാദിലെ ജയം (ഇന്നിംഗ്സിനും 140 റൺസിനും) വിൻഡീസിനെതിരെ ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ ജയമാണ്,

4-ാം തവണയാണ് ജഡേജ ഒരേ ടെസ്റ്റിൽ തന്നെ സെഞ്ച്വറിയും നാല് വിക്കറ്റ് നേട്ടവും സ്വന്തമാക്കുന്നത്. ഈ നേട്ടത്തിൽ ഗാർഫീൽഡ് സോബേഷ്സിനും ആർ.അശ്വിനും ഒപ്പമെത്തി ജഡേജ. ഇയാൻ ബോതമാണ് ഈ നേട്ടം ഏറ്റവും കൂടുതൽ തവണ സ്വന്തമാക്കുന്നത്. അഞ്ച് തവണ.

10- ടെസ്റ്റിൽ ഓപ്പണറായിറങ്ങി കെ.എൽ രാഹുൽ നേടിയ പത്താം സെഞ്ച്വറിയാണ് മത്സരത്തിലേത്. ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ സെഞ്ച്വറിയ നേടിയ ടെസ്റ്റ് ഓപ്പണർമാരിൽ നാലാം സ്ഥാനത്തെത്തി കെ.എൽ.

89.2 ഓവർ- ഇന്ത്യയ്ക്കെതിരെ ടെസ്റ്റിൽ വെസ്റ്റിൻഡീസ് ഏറ്റവും കുറവ് ബോളുകൾ നേരിട്ട മത്സരമായി ഇത്.

308- റൺസാണ് രണ്ടിന്നിംഗ്സിലുമായി വിൻഡീസ് നേടിയത്. ഇന്ത്യയ്ക്കെതിരെ ടെസ്റ്റിൽ തോറ്റ ടീമുകളിൽ ഏറ്റവും ചെറിയ രണ്ടാമത്തെ സ്കോറാണിത്.

EDITORS CHOICE


## പരികർമിയിൽ നിന്നും സ്പോൺസറിലേക്ക്; ആരാണ് ഉണ്ണികൃഷ്ണൻ പോറ്റി? ശബരിമലയുടെ പേര് പറഞ്ഞ് പണപ്പിരിവ് നടത്തി



വർഷം മുമ്പ് അതായത് 2017 ൽ കീഴ്ശാന്തിയുടെ പരികർമികളിൽ ഒരാളായി മല കയറി എത്തിയ ആളാണ് ഉണ്ണികൃഷ്ണൻ പോറ്റി. എന്നാലിന്ന് ശബരിമലയിൽ വിലയേറിയ സമർപ്പണങ്ങൾ നടത്തുന്ന സ്പോൺസർമാരിൽ ഒരാളായി വളർന്നു. ശബരിമലയിലെ ശ്രീകോവിലിന്റെ ദ്വാരപാലക ശിൽപങ്ങൾ സ്വർണം പൂശി സമർപ്പിച്ച സ്പോൺസർ എന്ന നിലയിലാണ് ഇദ്ദേഹം ആദ്യം വാർത്തകളിൽ നിറഞ്ഞത്. എന്നാൽ, പിന്നീട് നടന്ന അന്വേഷണങ്ങളിൽ ശബരിമലയുടെ പേര് പറഞ്ഞ് ഇയാൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നുപോലും പണപ്പിരിവ് നടത്തിയതായാണ് വിവരം. ആളുകളിൽ വിശ്വാസം വർധിപ്പിക്കുന്നതിനായി ശബരിമല ശ്രീകോവിലിന്റെ തന്നെ വിവിധ ഭാഗങ്ങൾ ഇദ്ദേഹം പ്രദർശന വസ്തുവാക്കുകയും ചെയ്തു. ശ്രീകോവിലിന്റെ ഭാഗങ്ങൾ സാമ്പത്തികമായി ഉയർന്ന് നിൽക്കുന്നവരുടെ വീടുകളിൽ എത്തിച്ച് ഐശ്വര്യം ലഭിക്കുമെന്ന വ്യാജേന പൂജകൾ നടത്തിയാണ് ഇയാൾ പണം കൈപ്പറ്റിയിരുന്നത്. കൂടാതെ ശബരിമല ശ്രീകോവിലിന്റെ വാതിലെന്ന പേരിൽ ബെംഗളൂരുവിലെ ശ്രീരാംപുര അയ്യപ്പക്ഷേത്രത്തിലും വിവിധ സംസ്ഥാനങ്ങളിലും പൂജകൾ നടത്തി പണംപിരിച്ചതായാണ് സൂചന. തിരുവനന്തപുരം കിളിമാനൂരിന് സമീപം പുളിമാത്താണ് ഉണ്ണികൃഷ്ണൻ പോറ്റിയുടെ സ്വദേശം. പുളിമാത്ത് ക്ഷേത്രത്തിലെ പൂജാരിയായിരുന്നു ഇദ്ദേഹത്തിന്റെ പിതാവ്. അതുകൊണ്ടുതന്നെ ക്ഷേത്രോത്സവങ്ങളിൽ പൂജാരിമാരുടെ സഹായിയായും പ്രവർത്തിച്ചു. പത്താം ക്ലാസ് പഠനത്തിന് ശേഷം ബെംഗളൂരുവിലെ ശ്രീരാമപുരം അയ്യപ്പ ക്ഷേത്രത്തിൽ വർഷങ്ങളോളം പൂജാരിയായി. പിന്നീടാണ് ശബരിമലയിലേക്ക് എത്തുന്നത്. അങ്ങനെ ശബരിമലയിലെ മുഖ്യപരികർമിയായി ഉണ്ണികൃഷ്ണൻ പോറ്റി മാറി. ഇതോടെ തന്ത്രിമാരുമായും അടുത്തബന്ധം സ്ഥാപിക്കാൻ ഇയാൾക്ക് കഴിഞ്ഞു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൻകിട ഭക്തർക്കും ശബരിമലയ്ക്കും ഇടയിലെ ഒരു പാലമായിട്ടാണ് ഉണ്ണികൃഷ്ണൻ പോറ്റി പ്രവർത്തിച്ചിരുന്നത്. ഇതോടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ധനികരായ അയ്യപ്പ ഭക്തരുടെ ലാഭവിഹിതത്തിലെ ഒരു പങ്ക് ഉണ്ണികൃഷ്ണൻ പോറ്റി വഴി ശബരിമലയിലേക്കും എത്തി. തമിഴ്നാട്, കർണാടക, ആന്ധ്ര, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിലെ ധനികരായ ഭക്തർ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ചൂഷണത്തിന് ഇരയായതായാണ് വിവരം. ശബരിമലയിലെ ദ്വാരപാലക ശില്പങ്ങൾ സ്വർണം പൊതിയാനുള്ള സാഹചര്യത്തെ ഉണ്ണികൃഷ്ണൻ പോറ്റി അവസരമാക്കി മാറ്റുകയായിരുന്നു. ശബരിമലയിലെ പരികർമിയിൽ നിന്നും റിയൽ എസ്റ്റേറ്റിലേക്കുള്ള ഉണ്ണികൃഷ്ണൻ പോറ്റിയുടെ ചുവടുമാറ്റമാണ് ഇയാളെ ശബരിമലയിലെ പ്രധാന സ്പോൺസറായി വളർത്താൻ സഹായിച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ, സോണിയ ഗാന്ധി, അടൂർ പ്രകാശ്, കടകംപള്ളി സുരേന്ദ്രൻ തുടങ്ങി നിരവധി രാഷ്ട്രീയ നേതാക്കളുമൊത്തുള്ള ഉണ്ണികൃഷ്ണൻ പോറ്റിയുടെ ഫോട്ടോകളും ഇതിനോടകം പുറത്തുവന്നിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് ബിസിനസിലൂടെ പെട്ടെന്ന് ധനികനായി ശബരിമലയിലെ സ്പോൺസറായ ഉണ്ണികൃഷ്ണൻ പോറ്റി കോടികളുടെ റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തിയതായുള്ള രേഖകളും പുറത്തുവന്നിട്ടുണ്ട്. നിലവിൽ ശബരിമലയുമായി ബന്ധപ്പെട്ട സ്വർണ്ണപ്പാളി വിവാദത്തിൽ ആരോപണവിധേയനായ വ്യക്തിയാണ് ഉണ്ണികൃഷ്ണൻ പോറ്റി. ദേവസ്വം വിജിലൻസും പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും ഇദ്ദേഹത്തിന്റെ സാമ്പത്തിക ഇടപാടുകളും ഭൂമി കച്ചവടങ്ങളും അന്വേഷിച്ചു വരികയാണ്.

## ശബരിമലയിലെ 'കൊള്ള' മഞ്ഞുമലയുടെ ഒരറ്റം മാത്രം; വള്ളിയാംകാവ് ശബരിമലയുടെ ഭാഗമായതും ചതിയിലൂടെ കൊള്ളയടിയുടെ പാരമ്പര്യം

***ശബരിമല ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശ ചരിത്രവും കാലങ്ങളായി നടന്നുവരുന്ന പകൽക്കൊള്ളയും സംബന്ധിച്ച് മലയരയ മഹാസഭ ജനറൽ സെക്രട്ടറി പികെ സജീവൻ സംസാരിക്കുന്നു.***



ശബരിമല ക്ഷേത്രത്തിന്റെ ചരിത്രപശ്ചാത്തലം പരിശോധിക്കുമ്പോൾ തന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ട് നടക്കുന്ന കൊള്ളയടിയുടെ പാരമ്പര്യം ശബരിമലയിലും കാണാവുന്നതാണ്. ശബരിമല ക്ഷേത്രം മുമ്പ് ദേവസ്വം ബോർഡിന് കീഴിലല്ലായിരുന്നല്ലോ. പിന്നെ എങ്ങനെയാണ് ഈ ക്ഷേത്രം ദേവസ്വം ബോർഡിന്റെ അധീനതയിലേക്ക് വന്നത്. അതുപോലെ തന്നെ തിരുവിതാംകൂർ കൊട്ടാരത്തിന്റെ ഭാഗമായിരുന്നില്ലല്ലോ, പകരം പന്തളം കൊട്ടാരത്തിന്റെ ആയിരുന്നല്ലോ. പിന്നെയെങ്ങനെയാണ് തിരുവിതാംകൂർ കൊട്ടാരത്തിന്റെ ഭാഗമായി ക്ഷേത്രം മാറിയത്. ഇതിനെല്ലാം വളരെ മുമ്പ് ഈ ക്ഷേത്രം ഒരു വിഭാഗത്തിന്റെ ആയിരുന്നു. മലയരയ സമുദായം നിർമിച്ച ക്ഷേത്രമായിരുന്നല്ലോ. ക്ഷേത്രം അവർ സ്വമേധയാ എഴുതിക്കൊടുത്തതൊന്നുമല്ല. ഓരോ കാലഘട്ടങ്ങളിലായി ശബരിമല ക്ഷേത്രം കൊള്ളയടിച്ച് കൈക്കലാക്കിയതാണ് ദേവസ്വം ബോർഡ്. കൊള്ളയടി ശബരിമല ക്ഷേത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല ഉണ്ടായത്. നിലയ്ക്കൽ മഹാക്ഷേത്രം എന്നത് മൂഴിക്കൽ കുഞ്ഞിരാമന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതാണ്. ആ ക്ഷേത്രവും ദേവസ്വം ബോർഡ് മോഷ്ടിച്ചെടുത്തതാണ്. അതുപോലെ തന്നെയാണ് മുണ്ടയ്ക്കലിനടുത്തെ ഏറ്റവുമധികം വരുമാനമുള്ള ക്ഷേത്രമായ വള്ളിയാംകാവ് ദേവീ ക്ഷേത്രവും. ഈ ക്ഷേത്രം കോന്തി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതാണ്. എന്നാൽ റോഡിന് വേണ്ടി എന്ന കാരണം പറഞ്ഞ് വെള്ളപേപ്പറിൽ കോന്തിയിൽ നിന്ന് ഒപ്പിട്ട് വാങ്ങി. പിന്നീട് ആ ഒപ്പിട്ട പേപ്പറിൽ, ക്ഷേത്രം എഴുതി നൽകുകയാണെന്ന് ദേവസ്വം ബോർഡ് അധികൃതർ എഴുതി എടുക്കുകയായിരുന്നു. പശ്ചിമ ദേവീക്ഷേത്രവും ശബരിമല പാതയോട് ചേർന്ന് പൂങ്കാവനത്തിന് സമീപത്തുള്ളതാണ്. ഈ ക്ഷേത്രവും ഇങ്ങനെ തന്നെയാണ് ദേവസ്വം ബോർഡ് കൈക്കലാക്കിയത്. ക്ഷേത്രങ്ങൾ അടിച്ചു മാറ്റിയതിന് പുറമെയാണ് മകരവിളക്ക് തെളിക്കുന്നതിനുള്ള അധികാരം പോലും ദേവസ്വം ബോർഡ് കൈക്കലാക്കിയത്. ചരിത്രം പരിശോധിക്കുമ്പോൾ നിലവിലെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കാലഘട്ടത്തിലോ ദേവസ്വം ബോർഡിന്റെ കാലഘട്ടത്തിലോ ആരംഭിച്ചതല്ല ഈ മോഷണപരമ്പര. മറ്റൊരു യാഥാർത്ഥ്യം കൂടിയുണ്ട്, ദേവസ്വം ബോർഡ് കൈക്കലാക്കിയ, ഈ മഹാക്ഷേത്രങ്ങളൊക്കെ നിർമിച്ച സമൂഹത്തിൽ നിന്ന് ഒരു പ്രതിനിധിയെ പോലും എന്തുകൊണ്ടാണ് ഇവർ ദേവസ്വം ബോർഡിൽ എടുക്കാത്തത്. കഴിഞ്ഞ 75 വർഷത്തെ കൊള്ളയടിയുടെ പാരമ്പര്യം പറയുമ്പോൾ, എന്തുകൊണ്ട് മലയരയ സമുദായത്തിൽ നിന്ന് ദേവസ്വം ബോർഡിലേക്ക് ഒരു പ്രതിനിധിയെ എടുത്തിട്ടില്ല. മറ്റൊന്ന്, എന്തുകൊണ്ട് പന്തളം കൊട്ടാരത്തിൽ നിന്നും ദേവസ്വം ബോർഡിലേക്ക് പ്രതിനിധിയെ എടുത്തിട്ടില്ല. അതുപോലെ തന്നെ, ശബരിമല ക്ഷേത്രം തിരുവിതാംകൂർ കൊട്ടാരത്തിന്റെ അധീനതയിലായിരുന്നിട്ട് കൂടി എന്തുകൊണ്ട് ഒരു പ്രതിനിധിയെ അവിടെ നിന്നും എടുത്തില്ല. ഇതിന് കാരണം എന്തെന്ന് വച്ചാൽ, ഇവരാരും സത്യത്തിന് വിരുദ്ധമായി ഒരു കാര്യവും ചെയ്യില്ല എന്നതാണ്. അതുകൊണ്ട് തന്നെ ദേവസ്വം ബോർഡിന്റെ കള്ളത്തരങ്ങൾക്ക് കൂട്ട് നിൽക്കാനും കഴിയുകയില്ല. ശബരിമലയിലെ ദ്വാരപാലക ശില്പങ്ങൾ സ്വർണമല്ലെന്നും ചെമ്പ് പാളിയാണെന്നും അറിഞ്ഞിട്ടും എന്തുകൊണ്ടാണ് ഈ വിഷയത്തിൽ കേന്ദ്ര ഏജൻസി അന്വേഷണം നടത്താത്തത്. ഇഡി പോലുള്ള ഏജൻസികൾ ശബരിമല വിഷയത്തിൽ അന്വേഷണം നടത്തണമെന്നാണ് ഞങ്ങളുടെ ആവശ്യം. കൂടാതെ, ഏതൊക്ക ക്ഷേത്രങ്ങളിൽ തങ്ക, സ്വർണ വിഗ്രഹങ്ങൾ ഉണ്ടായിരുന്നുവെന്നും അതൊക്കെ ഇപ്പോഴും അങ്ങനെ തന്നെയുണ്ടോ എന്ന കാര്യത്തിലും അന്വേഷണം നടത്തേണ്ടതുണ്ട്. തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിന്റെ മകുടം പോലും മുമ്പ് കാണാതെ പോയിട്ടുണ്ട്. ആരാണ് ക്ഷേത്രത്തിനകത്ത് കയറി മോഷണം നടത്തുന്നത്. പുറത്ത് നിന്നുള്ള കള്ളന്മാരല്ല, പകരം ക്ഷേത്രത്തിനകത്ത് തന്നെയുള്ളവരാണ്. ക്ഷേത്രത്തോട് ചേർന്ന് നിൽക്കുന്നവരും ക്ഷേത്രഭരണസമിതിയിൽ ഉള്ളവരും ക്ഷേത്രത്തിനകത്തുള്ളവരുമാണ് ഈ കൊള്ള മുഴുവൻ നടത്തുന്നത്. ഇടുക്കി ജില്ലയിലെ പീരുമേടിന് അടുത്തുള്ള ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ, ശ്രീകൃഷ്ണന് ചാർത്തുന്ന സ്വർണ കിരീടം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴുള്ളത് ഡ്യൂപ്ലിക്കേറ്റ് കിരീടമാണെന്ന് പോലും വാർത്തകൾ വന്നിരുന്നു. ക്ഷേത്രങ്ങളിലെ പകൽകൊള്ള കാലങ്ങളായി തുടർന്ന് കൊണ്ടിരിക്കുന്നതാണ്. മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ് ശബരിമലയിൽ നമ്മൾ കാണുന്നത്. ഏതൊക്കെ ക്ഷേത്രങ്ങളിൽ കൊള്ളയടി നടന്നിട്ടുണ്ടോ, അതിനൊക്കെ ക്ഷേത്രം ഭരണസമിതിയുടെ ഒത്താശയും ഉണ്ടായിട്ടുണ്ട്. കാലങ്ങളായി ക്ഷേത്രവകകൾ ഇത്തരത്തിൽ സ്വകാര്യ വ്യക്തികളിലേക്ക് പോകുന്നത് സംബന്ധിച്ചുള്ള സമഗ്ര അന്വേഷണമാണ് ഇനി നടക്കേണ്ടത്. അതാണ് ഞങ്ങളുടെ ആവശ്യം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com